# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുതുനഗരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ (പി.കെ.ഡി)-പി.19/1587/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 22/11/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുതുനഗരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുതുനഗരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുതുനഗരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ (പി.കെ.ഡി)-പി.19/1587/2023 തീയ്യതി: 22/11/2023

## പാലക്കാട് ജില്ലയിലെ പുതുനഗരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പുതുനഗരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-02-2023 മുതൽ 25-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാം മനോഹർ. വി.കെ | ഡെപ്യൂട്ടി ഡയറക്ടർ | 26-09-2023 | 06-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 26-09-2023 | 06-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.എസ്.സന്തോഷ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.രമാദേവി.കെ.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ശബ്നാദാസ്.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഗോകുൽ.സി.എം, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുധീറ.ഡി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.നാരായണൻ.കെ | സെക്രട്ടറി | 01-04-2022 | 03-10-2022 |

| | | | |
|---|---|---|---|
| ശ്രീ.അബ്ദുൾ ലത്തീഫ്.എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-10-2022 | 04-11-2022 |
| ശ്രീമതി.ബിന്ദു.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-11-2022 | 06-11-2022 |
| | | 28-12-2022 | 31-01-2023 |
| ശ്രീ.അംബുജാക്ഷൻ.പി.കെ | സെക്രട്ടറി | 07-11-2022 | 27-12-2022 |
| ശ്രീമതി.ജലജ.ആർ | സെക്രട്ടറി | 01-02-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.റീജ.എം.എസ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.സിജി.എസ്.രാജ് | വെറ്ററിനറി സർജൻ | 01-04-2022 | 25-09-2022 |
| ഡോ.സോമ.ടി.ജി | വെറ്ററിനറി സർജൻ | 26-09-2022 | 31-03-2023 |
| ശ്രീ.അബ്ദുൾ ലത്തീഫ്.എ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 04-11-2022 |
| ശ്രീമതി.ബിന്ദു.വി | അസിസ്റ്റന്റ് സെക്രട്ടറി | 05-11-2022 | 31-03-2023 |
| ഡോ.ബിജിഷ.വി.പി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ.രാഗേഷ്.ആർ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2022 | 31-03-2023 |
| ഡോ.ഇന്ദു സുന്ദർ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീമതി.ലില്ലിക്കുട്ടി ജോസഫ് | ഹെഡ് മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ശ്രീമതി.എച്ച്.എൻ.ആഗ്നസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 04-01-2023 |
| ശ്രീമതി.രാധ.എൽ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 05-01-2023 | 31-03-2023 |
| ശ്രീമതി.ശുഭ.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 01-04-2022 | 31-03-2023 |
| ശ്രീ.സുജേഷ്.യു | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 01-04-2022 | 31-03-2023 |
| ശ്രീ.സുദർശനൻ.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ.കൃഷ്ണനുണ്ണി.കെ.സി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 04-05-2022 |
| ശ്രീമതി.അനുഷ.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 05-05-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അടിസ്ഥാന അനുപാത കുറിപ്പുകൾ വാർഷിക കണക്കിൽ ചേർത്തിട്ടില്ല | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല | 1-1-2 |
| 4 | മൂന്നു മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ STALE CHEQUE ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല | 1-1-3 |
| 5 | ഡിമാന്റ് റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-4 |
| 6 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ കൃത്യതയില്ല | 1-1-5 |
| 7 | സംയുക്ത പ്രോജക്ടുകൾക്കായി ലഭ്യമായ തുകകളുടെ ബാക്കി അക്കൗണ്ടിൽ പ്രതിഫലിക്കുന്നില്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഫണ്ട് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമപദ്ധതികൾ | 1-7 |
| 14 | ക്യാഷ് പരിശോധന | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 17 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം വിലയിരുത്തൽ | 1-11 |
| 18 | വസ്തു നികുതി പരിഷ്കരണം 2023 - അവലോകനം | 1-12 |
| 19 | ഭേദഗതി വിജ്ഞാപന പ്രകാരം വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല | 1-12-1 |
| 20 | വസ്തുനികുതി ക്രമപ്രകാരം ഈടാക്കേണ്ടതാണ് | 1-12-2 |
| 21 | വസ്തു നികുതി - തെറ്റായ ഡാറ്റ ക്രമീകരിക്കേണ്ടതാണ് | 1-12-3 |
| 22 | തൊഴിൽനികുതി പിരിവ് | 1-13 |
| 23 | തൊഴിൽ നികുതി - അവലോകനം | 1-13-1 |
| 24 | MSME സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-13-2 |
| 25 | തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ് | 1-13-3 |
| 26 | വിനോദ നികുതി ഈടാക്കുന്നതിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-14 |
| 27 | നികുതിയേതര വരവുകൾ - അവലോകനം | 1-15 |
| 28 | വാടക പിരിവ് കാര്യക്ഷമമാക്കേണ്ടതാണ് | 1-16 |
| 29 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ | 1-17 |

| | | |
|---|---|---|
| 30 | ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ പൂർണ്ണമായ വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല | 1-17-1 |
| 31 | അപേക്ഷകളിലെ സാക്ഷ്യപ്പെടുത്തലുകൾ അപൂർണ്ണം | 1-17-2 |
| 32 | വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന മെഷീനറികൾ സ്ഥാപിക്കുന്നതിനും പുതുക്കുന്നതിനുമുള്ള ഫീസ് ഈടാക്കിയില്ല | 1-17-3 |
| 33 | കുടിവെള്ളവിതരണം - വെള്ളക്കരം കുടിശ്ശിക ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-18 |
| 34 | തെരുവുവിളക്കുകളുടെ പരിപാലനം കാര്യക്ഷമമല്ല | 1-19 |
| 35 | തെരുവുവിളക്കുകളുടെ കൃത്യമായ കണക്ക് ഇല്ലാതെ മെയ്ന്റനൻസ് നടത്തുന്നു | 1-19-1 |
| 36 | ബിൽ തയ്യാറാക്കിയതിൽ അപാകം-തെറ്റായി തുക കുറവു ചെയ്തു | 1-19-2 |
| 37 | ആംബുലൻസ് പരിപാലനം-വരവിനേക്കാളധികം ചെലവ് | 1-20 |
| 38 | ഗ്രാമപഞ്ചായത്തിന് ബാധ്യതയാവാത്ത രീതിയിൽ ആംബുലൻസിന്റെ പരിപാലനം ഉറപ്പാക്കേണ്ടതാണ് | 1-20-1 |
| 39 | ആംബുലൻസിന്റെ വാടക- പിരിച്ച തുക പൂർണമായി ഒടുക്കിയിട്ടില്ല | 1-20-2 |
| 40 | ഗ്രാമപഞ്ചായത്തിലെ ഹരിതകർമസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ് | 1-21 |
| 41 | എ.ബി.സി പ്രോജക്ടിനായി നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-22 |
| 42 | കാർഷിക മേഖലയിലെ പ്രോജക്ടുകളുടെ നിർവ്വഹണം - അവലോകനം | 1-23 |
| 43 | കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-24 |
| 44 | ജി.എസ്.ടി ബാധകമല്ലാത്ത സേവനത്തിന് ജി.എസ്.ടി തുക അനുവദിച്ചു | 1-25 |
| 45 | ലൈഫ് ഭവന നിർമ്മാണം- പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ് | 1-26 |
| 46 | അമൃതം ന്യൂട്രിമിക്സ് വാങ്ങൽ - ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല | 1-27 |
| 47 | ഹോമിയോ ആശുപത്രിയിലേക്കുള്ള മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം | 1-28 |
| 48 | പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ് | 1-29 |
| 49 | മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണ, നിർവ്വഹണ നടപടിക്രമങ്ങൾ വിലയിരുത്തൽ | 1-30 |
| 50 | എം.സി.എഫ് കെട്ടിടത്തിന്റെ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ് | 1-31 |
| 51 | രണ്ടര ലക്ഷം രൂപയിൽ താഴെ കരാർ തുകയുള്ള ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തി | 1-32 |
| 52 | എഗ്രിമെന്റ് ചമയ്ക്കുന്നതിൽ കാലതാമസം-ചട്ടപ്രകാരമല്ലാതെ എഗ്രിമെന്റ് ചമച്ചു | 1-33 |
| 53 | ടേക് എ ബ്രേക് പൊതു ശൗചാലയവും വിശ്രമ കേന്ദ്രവും പ്രവർത്തനക്ഷമമാക്കേണ്ടതാണ് | 1-34 |
| 54 | ടാർ ബാരലുകളുടെ ജി.എസ്.ടി കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കേണ്ടതാണ് | 1-35 |

| | | |
|---|---|---|
| 55 | അസി.എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലെ തുക പഞ്ചായത്തിന് കൈമാറേണ്ടതാണ് | 1-36 |
| ഭാഗം **2** | | |
| 1 | ആംബുലൻസിന്റെ വാടക- പിരിച്ച തുക പൂർണമായി ഒടുക്കിയിട്ടില്ല | 2-1 |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രിക-സംക്ഷിപ്ത പത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 5(1)/15-7-23 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 27-9-2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫറങ്ങൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പുതുനഗരം ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തിയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായി വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായ, പുതുനഗരം ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട്

തിയതി: 22-11-2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അടിസ്ഥാന അനുപാത കുറിപ്പുകൾ വാർഷിക കണക്കിൽ ചേർത്തിട്ടില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, ചട്ടം 62(ഇ,എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല

ആസ്തി രജിസ്റ്റർ കാലികമാക്കി ILGMS മായി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റിലെ ആസ്തി, ബാധ്യതാ തുകകളുടെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചില്ല.

### 1-1-3 മൂന്നു മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ STALE CHEQUE ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ചിറ്റൂർ (67390495828) അക്കൗണ്ടിന്റെ ബാങ്ക് റീകൺസിലിയേഷൻ പത്രിക പ്രകാരം ഒരു വർഷം കഴിഞ്ഞിട്ടും ക്യാഷ് ചെയ്യാത്ത [Cheque Issued But Not Presented Into Bank(P)] 2625/- രൂപയുടെ ചെക്ക് ഉൾപ്പെടുന്നുണ്ട്.

| ചെക്ക് നമ്പർ/തിയ്യതി | തുക |
|---|---|
| 601408/30.09.2020 | 2625 |

ഇഷ്യൂ ചെയ്ത് മൂന്നു മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ STALE CHEQUE ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

### 1-1-4 ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

വിനോദ നികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

### 1-1-5 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ കൃത്യതയില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 681205/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിലെ "Net Cash Generated By Operating+ Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 7280928/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ്സ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-6 സംയുക്ത പ്രോജക്റ്റുകൾക്കായി ലഭ്യമായ തുകകളുടെ ബാക്കി അക്കൗണ്ടിൽ പ്രതിഫലിക്കുന്നില്ല

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B4 പ്രകാരം സംയുക്ത പ്രോജക്റ്റുകൾക്കായി ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും 8,02,099 രൂപയും ജില്ലാ പഞ്ചായത്ത് ഷെയർ 19,566 രൂപയും ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ ആയത് പ്രതിഫലിക്കുന്നില്ല.

## 1-2 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച ഗ്രാമപഞ്ചായത്തുക ളുടെ ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വ ൽ അനുസരിച്ചും സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായും വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

26-03-2022 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1(1) പ്രകാരം 2022-23 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

03-03-2023 ലെ തീരുമാനം നം. 1(1) പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 4081188 |
| തൻവർഷം വരവ് | 238072000 |
| ആകെ വരവ് | 242153188 |
| ചെലവ് | 240732000 |
| നീക്കിയിരിപ്പ് | 1421188 |

പുതിയ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉയർന്നു വന്നതായി

കാണുന്നില്ല. വിവിധയിനം വരവുകളും ചെലവുകളും ബജറ്റിൽ ഉൾപ്പെടുത്തുന്നത് ക്രിയാത്മക ചർച്ചയിലൂടെയാകേണ്ടതും യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10958719 |
| വരവ് | 29052663 |
| ആകെ | 40011382 |
| ചെലവ് | 28371458 |
| നീക്കിയിരിപ്പ് | 11639924 |

ILGMS മുഖേന തയ്യാറാക്കിയ വാർഷിക കണക്കിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്. ഗ്രാന്റിനങ്ങളിലെ വരവ്, ചെലവുകൾ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല. മറ്റ് ഫണ്ടുകളുടെ വരവ്, ചെലവ് കണക്ക് ഖ. 1-4 ൽ ചേർത്തിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് (*) | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | 0 | 10654870 | 10654870 | 10086129 | 568741 |
| വികസന ഫണ്ട് -എസ്.സി.പി | 0 | 6302650 | 6302650 | 4494414 | 1808236 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 3065000 | 3065000 | 1635091 | 1429909 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 4570000 | 4570000 | 3749874 | 820126 |
| CFC-അൺടൈഡ് ഗ്രാന്റ്-New | 480954 | 2104216 (*) | 2585170 | 2196122 (**) | 389048 |

| | | | | | |
|---|---|---|---|---|---|
| CFC-അൺ ടൈഡ് ഗ്രാന്റ്-Spillover | 0 | 488498 | 488498 | 488498 | 0 |
| CFC-ടൈഡ് ഗ്രാന്റ്-New | 2434932 | 2934000 | 5368932 | 2605224 | 2763708 |
| CFC-ടൈഡ് ഗ്രാന്റ്-Spillover | 0 | 130885 | 130885 | 130885 | 0 |
| CFC-Health Grant-Diagnostic Infrastru Cture To PHCs | 0 | 240539 | 240539 | 240539 | 0 |

**(*)** അൺടൈഡ് ഗ്രാന്റിന്റെ യഥാർത്ഥ വരവ് 1956000 രൂപയാണ്. പലിശയിനത്തിൽ ലഭ്യമായ 148216 രൂപ കൂടി ഉൾപ്പെടുത്തിയാണ് വാർഷിക കണക്കിൽ വരവ് ചേർത്തിട്ടുള്ളത്.

**(**)** I6+B3 പ്രകാരം ചെലവ് 2684620 രൂപയാണ്. ആയതിൽ ഉൾപ്പെട്ട സ്പിൽഓവർ തുകയായ 488498 രൂപ വേറിട്ട് കാണിച്ചിട്ടുണ്ട്.

കേന്ദ്രാവിഷ്കൃതം

എ)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| ICDS | 80868 | 1157226 | 1238094 | 1237877 | 217 |
| സമ്പൂർണ്ണ ശുചിത്വം | 243624 | 0 | 243624 | 0 | 243624 |

ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 4468 | 1152590 | 1157058 | 491246 | 665812 |
| തൊഴിലാളികളുടെ വേതനം | 0 | 20603510 | 20603510 | 20603510 | 0 |
| ആകെ | 4468 | 21756100 | 21760568 | 21094756 | 665812 |

സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 1100000 | 1600000 | 2700000 | 2600000 | 100000 |
| ശുചിത്വ മിഷൻ | 2055377 | 0 | 2055377 | 252000 | 1803377 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 157 | 73919711 | 108 | 35764322 | 0 | 49 | 69 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകളുടേയും നടപ്പാക്കിയ പ്രോജക്ടുകളുടേയും വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 3 | 3817500 | 3119606 | 82 |
| വെറ്ററിനറി സർജ്ജൻ | 9 | 8 | 2310000 | 1247502 | 54 |
| മെഡിക്കൽ ഓഫീസർ-PHC | 5 | 3 | 1536447 | 956390 | 62 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 930000 | 902140 | 97 |
| മെഡിക്കൽ ഓഫീസർ-Homoeo | 1 | 1 | 200000 | 200000 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12 | 5 | 8277094 | 3325793 | 40 |
| വി.ഇ.ഒ - 1 | 6 | 5 | 12554000 | 5951870 | 47 |
| വി.ഇ.ഒ - 2 | 6 | 6 | 14493300 | 4295413 | 30 |
| HM, GLMS | 3 | 2 | 790700 | 457878 | 58 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 300000 | 259000 | 86 |
| സെക്രട്ടറി | 29 | 21 | 8580814 | 6250900 | 73 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 70 | 44 | 18963675 | 8256534 | 44 |

| | | | | | |
|---|---|---|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | 8 | 6 | 1166181 | 541296 | 46 |
| ആകെ | 157 | 108 | 73919711 | 35764322 | 48 |

അനുവദിക്കുന്ന ഫണ്ടിന്റെ പരമാവധി ചെലവഴിക്കുന്നതിനുള്ള ശ്രമം നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്. ചെലവഴിക്കപ്പെടാതെ പോകുന്ന ഫണ്ട് ലാപ്സ് ആകുന്നത് വികസന പ്രവർത്തനങ്ങളെ ബാധിക്കുന്നതാണ്.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 4468 | 1152590 | 1157058 | 491246 | 665812 |
| തൊഴിലാളികളുടെ വേതനം | 0 | 20603510 | 20603510 | 20603510 | 0 |
| ആകെ | 4468 | 21756100 | 21760568 | 21094756 | 665812 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 0 | 0 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 1726200 | 165 |
| 3 | വിധവാ പെൻഷൻ | 9202400 | 902 |
| 4 | വാർദ്ധക്യകാല പെൻഷൻ | 14953200 | 1504 |
| 5 | വികലാംഗ പെൻഷൻ | 2622500 | 251 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾ ക്കുള്ള പെൻഷൻ | 280000 | 27 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27-9-2023 ന് സ്ഥാപനത്തിലെ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തി. 3137/- രൂപയുടെ വരവ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം വിവിധ സെക്ഷനുകൾക്ക് ഉത്തരവാദിത്തങ്ങൾ നിർണ്ണയിച്ചു നൽകിയിട്ടുണ്ട്.

നികുതി, നികുതിയേതര വരുമാനം പൊതുവെ കുറവുള്ള പഞ്ചായത്തിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ ഇടപെടൽ ഉണ്ടായതായി കാണുന്നില്ല.

വസ്തു നികുതി പരിഷ്കരണത്തിനായുള്ള നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും

കാര്യക്ഷമമായി വിലയിരുത്തിയിട്ടില്ല.

രണ്ട് സിനിമാ സ്ക്രീനുകൾ ഉള്ള ഗ്രാമപഞ്ചായത്തിൽ വിനോദ നികുതി ഡിമാന്റ് ചെയ്യുന്നത് നിരീക്ഷിക്കുന്നതിനുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

മുൻ വർഷങ്ങളിലെ വെള്ളക്കരം കുടിശ്ശികയിനത്തിൽ പിരിഞ്ഞു കിട്ടേണ്ട തുക പിരിച്ചെടുക്കുന്നതിനുള്ള ശ്രമം ഉണ്ടായിട്ടില്ല.

എം.എൽ.എ ഫണ്ട് ഉപയോഗിച്ച് വാങ്ങിയ ആംബുലൻസ് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലാണെങ്കിലും ആയതിൽ നിന്നുള്ള വരവിനേക്കാൾ കൂടുതൽ ചെലവ് വരുന്നത് ഗ്രാമപഞ്ചായത്തിന് അധിക ബാധ്യതയാണ്. പിരിച്ചെടുത്ത തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വയ്ക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടും മേലധികാരികൾ വേണ്ടത്ര ശ്രദ്ധ കൊടുത്തിട്ടില്ല.

തനത് ഫണ്ട് വളരെ കുറവും റവന്യ ചെലവ് കൂടുതലുമുള്ള ഗ്രാമപഞ്ചായത്ത് വിവിധ സ്രോതസ്സുകളിൽ നിന്നുള്ള വരവ് വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടില്ല.

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തിന് ആയത് നിലനിർത്തുവാൻ ആവശ്യമായ തുടർനടപടികൾ ഉണ്ടാകേണ്ടതുണ്ട്.

2022-23 വർഷം മുതൽ ILGMS സംവിധാനത്തിലൂടെ ഫയലുകൾ കൈകാര്യം ചെയ്യുവാൻ ആരംഭിച്ചിട്ടുണ്ട്. സെക്ഷനുകൾ വിവിധ ജോലികൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ടെന്ന് നിരീക്ഷിക്കുവാൻ ഉന്നതാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

18-2-2011 മുതൽ 11-3-2011 വരെ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2005-06 മുതൽ 2009-10 വരെയുള്ള കണക്കുകളാണ് പരിശോധിച്ചിട്ടുള്ളത്. പരാമർശങ്ങൾ തീർപ്പാക്കുവാനില്ല.

പെർഫോമൻസ് ഓഡിറ്റ് 12/22 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. തുടർന്ന് പെർഫോമൻസ് ഓഡിറ്റ് നടന്നിട്ടില്ല.

## 1-11 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം വിലയിരുത്തൽ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162(എ)(എ)(i) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, ബഡ്ജറ്റ്, പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത കാര്യങ്ങൾ എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്.

പുതിയ തനത് വരുമാന മേഖലകൾ നിർദ്ദേശിക്കുന്നതിലും നിശ്ചിത സമയ പരിധിക്കുള്ളിൽ ആയത് സമാഹരിക്കുന്നതിലും വിവിധയിനം നികുതി/നികുതിയേതര വരവുകളുടെ ഡിമാന്റ്-പിരിവ് പുരോഗതി അവലോകനം നടത്തുന്നതിനും മുൻവർഷങ്ങളിലെയും തൻവർഷത്തേയും വരവിനങ്ങൾ സാമ്പത്തിക വർഷാവസാനം പിരിച്ചെടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിലും ഉള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിരീക്ഷണങ്ങളും താഴെ ചേർക്കുന്നു.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗം

2000 ലെ കേരള പഞ്ചായത്ത്രാജ്(സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങൾ പ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികൾ മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്. പുതുനഗരം ഗ്രാമപഞ്ചായത്തിലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി എല്ലാ മാസവും യോഗം ചേർന്നിട്ടുണ്ട്. ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ അംഗീകരിക്കൽ, പൊളിച്ച മാറ്റിയ കെട്ടിടങ്ങൾക്ക് നികുതി ഒഴിവ് നൽകുക, നികുതി നികുതിയേതര വിഭവങ്ങളുടെ പിരിവ് പുരോഗതി വിലയിരുത്തുക എന്നീ തീരുമാനങ്ങൾ മാത്രമാണ് എടുത്തിട്ടുള്ളത്. വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസുകൾ, വാടക മുതലായ നികുതി നികുതിയേതര വരുമാനങ്ങൾ കാര്യക്ഷമമായി പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ ഭരണസമിതിയോട് ശിപാർശ ചെയ്യുവാൻ തീരുമാനമെടുത്തിട്ടുണ്ടെങ്കിലും ഫലപ്രദമായി നടപ്പിലായിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൽ സൂചിപ്പിച്ചിട്ടുള്ള പഞ്ചായത്ത് ഫണ്ടിന്റെ പ്രധാന ഘടകങ്ങളായ നികുതികൾ, നികുതിയേതര വരവുകൾ വർദ്ധിപ്പിക്കുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ

ഭാഗത്തുനിന്നും കാര്യക്ഷമമായ ഇടപെടൽ ഉണ്ടായിട്ടുണ്ടോ എന്ന് വിലയിരുത്തുവാനായി 2021-22, 2022-2023 വർഷത്തെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിട്ട്സ് പരിശോധിക്കുകയുണ്ടായി.

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ബജറ്റും

കഴിഞ്ഞ മൂന്ന് വർഷത്തെ ബജറ്റ് രേഖകൾ പ്രകാരം പുതിയ നികുതി, നികുതിയേതര ഇനങ്ങൾ ഒന്നുംതന്നെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർദ്ദേശിച്ചിട്ടില്ലെന്ന് ബോധ്യപ്പെട്ടു.

- വിനോദ നികുതി, കെട്ടിട നിർമ്മാണ പെർമിറ്റ്, യൂസർ ഫീസ് മുതലായ നികുതി നികുതിയേതര വരുമാനമാർഗ്ഗങ്ങളെക്കുറിച്ചുള്ള ചർച്ചകളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഉണ്ടായിട്ടില്ല.

പരിമിതമായ ഇനങ്ങളിൽ നിന്നുള്ള വരുമാനം മാത്രമാണ് ഗ്രാമപഞ്ചായത്തിന് വർഷങ്ങളായി ലഭിച്ച് വരുന്നത്.

കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ പ്രധാന ബജറ്റ് നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|
| എ) നികുതി | | | | |
| 1 | വസ്തു നികുതി | 21,90,967 | 29,07,300 | 36,40,000 |
| 2 | തൊഴിൽ നികുതി | 10,45,950 | 15,84,000 | 16,00,000 |
| 3 | വിനോദ നികുതി | - | 4,00,000 | 4,00,000 |
| ബി) നികുതിയേതരം | | | | |
| 4 | കെട്ടിടങ്ങൾ, സ്ഥലങ്ങൾ - വാടക | 7,34,004 | 12,10,000 | 14,00,000 |
| 5 | ഓഡിറ്റോറിയം & ഹാൾ - വാടക | 2,70,000 | 15,00,00 | 16,00,000 |
| 6 | രജിസ്ട്രേഷൻ ഫീസ് | 15,570 | 30,000 | 40,000 |
| 7 | ലൈസൻസ് ഫീസ് | 1,09,320 | 2,50,000 | 3,00,000 |
| 8 | പെർമിറ്റ് ഫീസ് | 1,25,117 | 1,75,000 | 2,00,000 |
| 9 | സർട്ടിഫിക്കറ്റ്/എക്സ്ട്രാക്ട് ഫീസ് | 9,012 | 10,000 | 20,000 |
| 10 | ഫൈൻ | 6,71,362 | 3,50,000 | 5,00,000 |
| 11 | മറ്റ് ഫീസുകൾ | 33,174 | 60,000 | 75,000 |
| 12 | യൂസർ ചാർജ്ജസ് | 11,20,930 | 17,60,000 | 8,00,000 |
| 13 | സർവ്വീസ് ചാർജ്ജ് | 1,246 | 25,000 | 25,000 |
| 14 | ഉൽപ്പന്നങ്ങൾ/വസ്തുക്കൾ /ഫാറങ്ങൾ എന്നിവയുടെ വിൽപ്പന | 75,400 | 2,80,000 | 3,50,000 |

കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ നികുതി, നികുതിയേതര വർദ്ധനവിനായി പുതിയ നിർദ്ദേശങ്ങളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിന്നും ഉയർന്ന വന്നിട്ടില്ല. ബജറ്റിൽ മൂന്ന് വർഷങ്ങളിൽ ഒരേ ഇനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്.

ബജറ്റും യഥാർത്ഥ വരവും തമ്മിലുള്ള അന്തരം

ഏതൊരു സ്ഥാപനത്തിന്റെയും കാര്യക്ഷമമായ പ്രവർത്തനത്തിനാവശ്യമായ മുഖ്യ ഘടകങ്ങൾ ഓരോ വർഷവും ആവിഷ്ക്കരിക്കുന്ന ബജറ്റും അതിന്റെ നിയന്ത്രണവുമാണ്. ബജറ്റ് പ്രക്രിയയിൽ വരവ്, ചെലവിനങ്ങളുടെ പ്രതീക്ഷിത തുക കണ്ടെത്തുവാനായി ശാസ്ത്രീയമായ വിലയിരുത്തൽ നടത്തിയതായി കാണുന്നില്ല. ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങളും കണക്കിലെടുത്തിട്ടില്ല. 2022-23 വർഷത്തെ ഏതാനും ഇനങ്ങളുടെ ബജറ്റ് പ്രകാരമുള്ള വരവും യഥാർത്ഥ വരവും താരതമ്യം ചെയ്തതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രധാന വരവുകൾ | 2022-2023 വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവ് (₹) | 2022-2023 വർഷത്തെ യഥാർത്ഥ വരവ് (₹) |
|---|---|---|
| വസ്തു നികുതി | 36,40,000 | 24,19,219 |
| തൊഴിൽ നികുതി | 16,00,000 | 11,67,005 |
| വിനോദ നികുതി | 4,00,000 | 3,79,752 |
| നികുതിയേതര വരവുകൾ | 61,10,000 | 25,61,816 |

നികുതിയേതര വരവുകളിലെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും തമ്മിൽ അന്തരം നിലനിൽക്കുന്നുണ്ട്. ക്രിയാത്മക ചർച്ചയിലൂടെയാണ് വിവിധയിനം വരവുകളും ചെലവുകളും ബജറ്റിൽ ഉൾപ്പെടുത്തുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്. യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാര്യക്ഷമമായ ഇടപെടൽ ഉണ്ടാകേണ്ടതാണെന്ന് വിലയിരുത്തുന്നു.

കുടിശ്ശിക പിരിച്ചെടുക്കൽ

2022-23 വർഷത്തിൽ 100% പിരിവ് എന്ന നേട്ടം കൈവരിക്കുവാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല.

2023ലെ വസ്തു നികുതി പരിഷ്കരണം പൂർത്തീകരിച്ചില്ല

വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനായി സർക്കാർ താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1. സ.ഉ(കൈ)നം.77/2023/LSGD തിയതി 22-3-2023 – വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.

2. സ.ഉ(അച്ചടി)നം.25/2023/LSGD തിയതി 5-4-2023 (എസ്.ആർ.ഒ നം.479/2023/ 10-4-2023) – കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കിന്റെ വിജ്ഞാപനം

മേൽ ഉത്തരവുകൾ കണക്കിലെടുത്ത് തുടർനടപടികൾ കാര്യക്ഷമമാക്കുന്നതിൽ ആവശ്യമായ ഇടപെടൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല.

അവലോകന യോഗങ്ങൾ

ആറാം ധനകാര്യ കമ്മീഷൻ ശിപാർശകളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച സ.ഉ(കൈ)നം.117/2022/LSGD തിയതി 1-6-2022 പ്രകാരം നികുതി വരുമാനത്തിന്റെ ഡി.സി.ബി തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്നും നികുതി, നികുതിയേതര വരവിന്റെ അവലോകനം ഗ്രാമസഭകളിൽ നടത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. നികുതി/നികുതിയേതര വരവുകളുടെ ഡിമാന്റിംഗ്, പിരിവ് പുരോഗതി വിലയിരുത്തുന്നതിനുള്ള അവലോകനങ്ങൾ കാര്യക്ഷമമായി നടന്നിട്ടില്ലെന്ന് സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി, ഗ്രാമസഭാ മിനിട്സുകൾ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു.

ഓഡിറ്റിന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും

1) സാമ്പത്തിക നിയന്ത്രണത്തിന്റെ മുഖ്യ ഇനമാണ് ബജറ്റ് പ്രക്രിയ എന്നതിനാൽ ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് ബജറ്റ് നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്.

2) തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി വരുമാന മാർഗ്ഗങ്ങൾ കണ്ടെത്താൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്.

മേൽ പരാമർശങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ അഭിപ്രായം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 07/30.09.2023 നുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല.

1-12 വസ്തു നികുതി പരിഷ്കരണം 2023 - അവലോകനം

2011 ലെ കേരള പഞ്ചായത്ത്‌രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരവും 2013 ലെ ഭേദഗതി ചട്ടങ്ങളും വിവിധ ഘട്ടങ്ങളിൽ പുറപ്പെടുവിച്ച വിജ്ഞാപനങ്ങളും ഉത്തരവുകളും പ്രകാരമുള്ള വസ്തു നികുതി, നിലവിൽ സഞ്ചയ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെയാണ് നിർണ്ണയിക്കുന്നത്. വസ്തു നികുതി ഡാറ്റയുടെ കൃത്യതയും 2023 ൽ വസ്തു നികുതി പുതുക്കി നിശ്ചയിച്ചതിന്റെ കാര്യക്ഷമതയും വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

I) 2023 ലെ വസ്തു നികുതി പരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തൽ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) എന്നിവ അനുസരിച്ച് 5 വർഷത്തിലൊരിക്കൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. സെക്ഷൻ 203 പ്രകാരം 25% വർദ്ധനവ് വരുത്തിക്കൊണ്ടാണ് വസ്തുനികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും ഈ വ്യവസ്ഥയിൽ ഇളവ് വരുത്തി വർഷം തോറും 5% എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രധാന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. സ.ഉ(കൈ)നം.77/2023/LSGD തിയതി 22-3-2023 - വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.

2. സ.ഉ(അച്ചടി)നം.25/2023/LSGD തിയതി 5-4-2023 (എസ്.ആർ.ഒ നം.479/2023/ 10-4-2023) - കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കിന്റെ വിജ്ഞാപനം.

A) 2023 ലെ വസ്തുനികുതി പരിഷ്കരണം – നിർദ്ദേശങ്ങൾ നടപ്പാക്കിയതിന്റെ വിവരം

1. വസ്തു നികുതിയിൽ 5% വർദ്ധനവ് വരുത്തൽ

എല്ലാ കെട്ടിടങ്ങളുടെയും 2022-23 വർഷം വരെ നിർണ്ണയിച്ചിട്ടുള്ള വസ്തു നികുതിയോടൊപ്പം അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തുന്നതിനായി സഞ്ചയ ഡാറ്റ ഐ.കെ.എം ക്രമീകരിച്ചിട്ടുണ്ട്.

2. കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങൾ അറിയിക്കൽ

മുൻകാലയളവുകളിൽ കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങളുടെ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കാത്തവർക്ക് വിവരം ഫോറം 9ബി പ്രകാരം അറിയിക്കാവുന്നതാണ്. സമയപരിധി - 15-05-2023.

ഫോറം 9B യിൽ നാളിതുവരെ 28 പേർ മാത്രമാണ് കെട്ടിടത്തിന്റെ മാറ്റങ്ങളുടെ വിവരം അറിയിച്ചിട്ടുള്ളത്.

3. കെട്ടിടത്തിന്റെ ഫീൽഡ് പരിശോധന

ഫീൽഡ് പരിശോധന നടത്തി കെട്ടിടങ്ങളുടെ വിവരം സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിന് 30-06-2023 വരെ സമയം അനുവദിച്ചിരുന്നു.

ഫീൽഡ് പരിശോധന നാളിതുവരെ ആരംഭിച്ചിട്ടില്ല.

4. വിവരശേഖരണം, ഡാറ്റാ എൻട്രി

വിവരശേഖരണം, ഡാറ്റാ എൻട്രി എന്നിവയ്ക്കായി നിശ്ചിത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതും ഒരു വീടിന് 30 രൂപ നിരക്ക് അനുവദിക്കാവുന്നതുമാണ്.

ഇന്റർവ്യൂ നടത്തി 6 പേരെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. മറ്റ് പുരോഗതിയൊന്നും ഉണ്ടായിട്ടില്ല.

5. വസ്തു നികുതിയുടെ പുതുക്കിയ നിരക്കിന്റെ വിജ്ഞാപനം

5% വർദ്ധനവ് വരുത്തിയതല്ലാതെ കെട്ടിടങ്ങളുടെ അടിസ്ഥാന വിവരം ശേഖരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ആയതിനാൽ വസ്തു നികുതി പുനർ നിർണ്ണയവുമായി ബന്ധപ്പെട്ട മറ്റ് നടപടികളിലേക്ക് കടക്കുവാൻ കഴിയാത്ത സ്ഥിതിയാണ് നിലവിലുള്ളത്.

ഉത്തരവുകൾ കണക്കിലെടുത്ത് 09/06/2023 തീയതിയിലെ എ2/1689/2023 നം. ഉത്തരവ് പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പൊതു ജനങ്ങൾക്ക് ആക്ഷേപം ഉണ്ടെങ്കിൽ അറിയിക്കുന്നതിനായി ഒരു മാസം സമയം നൽകിയിരുന്നുവെങ്കിലും പരാതിയൊന്നും ഇല്ലാത്തതിനാൽ കരട് വിജ്ഞാപനം അംഗീകരിക്കുകയും 31/07/2023 തീയതിയിലെ എ2/1689/2023 നം. ഉത്തരവ് പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന്, അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ച് വില്ലേജ് ഓഫീസിലും പത്രങ്ങളിലും പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. അന്തിമ വിജ്ഞാപനം അനുസരിച്ചുള്ള നിരക്ക് സഞ്ചയയിൽ അപ്‌ലോഡ് ചെയ്തിട്ടില്ല.

6. വസ്തു നികുതി നിരക്കും മേഖലകളും റോഡുകളുടെ തരംതിരിവും

പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും ഗ്രാമപഞ്ചായത്തിന് പുതുക്കി നിശ്ചയിക്കാവുന്നതാണ്.

വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പ്രാഥമിക മേഖല, ദ്വിതീയ മേഖല, തൃതീയ മേഖല എന്നിവ പുതുക്കി നിശ്ചയിച്ചിട്ടില്ല.

B) വിജ്ഞാപനങ്ങൾ പ്രകാരമുള്ള നിരക്ക് സഞ്ചയയിൽ ഉൾപ്പെടുത്തൽ

വിവിധ വിജ്ഞാപനങ്ങൾ പ്രകാരമുള്ള നിരക്ക് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. വിശദാംശങ്ങൾ പ്രത്യേക ഖണ്ഡികയായി ചേർത്തിട്ടുണ്ട്.

C) അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനുള്ള പുരോഗതി

യു.എ രജിസ്റ്റർ പ്രകാരം 31.03.2023 വരെ അനധികൃത കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിൽ ഇല്ല.

D) മൊബൈൽ ടവറുകളുടെ വസ്തു നികുതി പിരിവിലെ കാര്യക്ഷമത

ഗ്രാമപഞ്ചായത്ത് പരിധിയിൽ 4 മൊബൈൽ ടവറുകളാണ് പ്രവർത്തിക്കുന്നത്. ച.മീറ്ററിന് 500 രൂപ നിരക്കാണ് വസ്തു നികുതിയായി നിശ്ചയിച്ചിട്ടുള്ളത്. 5/324 കെട്ടിട നമ്പറിലുള്ള മൊബൈൽ ടവറിന് 4620/- രൂപ വസ്തു നികുതി കുടിശ്ശിക ഉണ്ട്.

E) വസ്തു നികുതി വരവ് തുകയുടെ കൃത്യത

ILGMS സംവിധാനത്തിൽ രേഖപ്പെടുത്തുന്ന വസ്തു നികുതി വരവ് ഓൺലൈൻ ആയി സഞ്ചയ ഡാറ്റാബേസിൽ അതേ സമയം തന്നെ രേഖപ്പെടുത്തുന്നതാണ്. എന്നാൽ സാങ്കേതിക കാരണങ്ങളാൽ ഇന്ററപ്റ്റഡ് രസീതി മുഖേനയും ഔട്ട്ഡോർ കളക്ഷനിലൂടെയും വസ്തു നികുതി പിരിക്കുമ്പോൾ ILGMS ൽ വരവ് വെക്കുന്ന തുക പിന്നീട് സഞ്ചയയിൽ ഓരോ കെട്ടിടത്തിനുനേർക്കും വരവ് രേഖപ്പെടുത്തേണ്ടതുണ്ട്. ഇത്തരത്തിൽ സഞ്ചയയിൽ വരവ് രേഖപ്പെടുത്തുന്നതിൽ വീഴ്ച വരുത്തിയാൽ സഞ്ചയയിലേയും ILGMS ലേയും വരവ് വ്യത്യാസപ്പെടുന്നതാണ്. ഓൺലൈൻ ആയി ഒടുക്കുന്ന നികുതി സഞ്ചയയിലും ILGMS ലും വരവു വെക്കപ്പെടുമെങ്കിലും ബാങ്കിൽ തുക ക്രെഡിറ്റ് ആകുന്നതിൽ സാങ്കേതികമായ കാലതാമസം ഉണ്ടാകുന്നുണ്ട്. ഓൺലൈൻ ആയി ഒടുക്കിയ തുക ബാങ്കിൽ വരവു വയ്ക്കപ്പെടുന്നുണ്ടെന്ന് നിശ്ചിത ഇടവേളകളിൽ നിരീക്ഷിക്കാതിരുന്നാൽ നഷ്ട സാധ്യത ഉണ്ടാകുന്നതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- വസ്തു നികുതി പരിഷ്കരണ നടപടികളുടെ ഭാഗമായുള്ള ഫീൽഡ് വിസിറ്റ് ആരംഭിച്ച് ഫോറം 9ബി ഡാറ്റാ എൻട്രി നടത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.
- ഭരണ സമിതി അംഗീകരിച്ച് അന്തിമമാക്കിയ വസ്തുനികുതിയുടെ പുതുക്കിയ നിരക്ക് സഞ്ചയയിൽ ഉൾപ്പെടുത്തേണ്ടതാണ്.
- ഓൺലൈൻ ആയി ഒടുക്കുന്ന വസ്തു നികുതി അക്കൗണ്ടിൽ വരുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

II) സേവന നികുതി, കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾക്ക് സർവ്വീസ് ചാർജ്ജ് എന്നിവ ചുമത്തൽ

എ) സേവന ഉപനികുതി

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 എന്നിവയിലാണ് സേവന ഉപനികുതിയെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത്. ഒരു പഞ്ചായത്ത് പ്രദേശത്തെ

സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്ത ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രൈനേജ് എന്നിവയുള്ള സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. സേവനങ്ങൾ ലഭ്യമാക്കാത്ത കെട്ടിടങ്ങളെ സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. ചട്ടം 27 പ്രകാരം വസ്തു നികുതിയിന്മേൽ താഴെ പറയുന്ന നിരക്കുകളിൽ കുറയാതെ സേവന ഉപനികുതി ഈടാക്കാവുന്നതാണ്.

1. ശുചിത്വ പരിപാലനം - 4%
2. ജല വിതരണം - 3%
3. തെരുവു വിളക്കുകൾ - 2%
4. ഡ്രൈനേജ് - 1%

വസ്തു നികുതി നിർണ്ണയം, ചുമത്തൽ, പിരിച്ചെടുക്കൽ എന്നീ നടപടിക്രമങ്ങൾ ആവശ്യമായ ഭേദഗതികളോടെ സേവന ഉപനികുതിയുടെ നിർണ്ണയം, ചുമത്തൽ, പിരിച്ചെടുക്കൽ എന്നിവയ്ക്കും ബാധകമാണെന്ന് ചട്ടം 28 ൽ വ്യക്തമാക്കിയിട്ടുണ്ട്.

വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനായി പുറപ്പെടുവിച്ച സ.ഉ(കൈ)നം.77/2023/LSGD തിയതി 22-3-2023 പ്രകാരമുള്ള മാർഗ്ഗരേഖയിൽ നിലവിൽ സേവന ഉപനികുതി ചുമത്താത്ത ഗ്രാമപഞ്ചായത്തുകൾക്ക് സേവന ഉപനികുതി ചുമത്താവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

2022-23 വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ റവന്യു വരവും ജി.പി.ജി വരവും ചേർന്നുള്ള ആകെ വരവ് 16824582 (7868582 + 8956000) രൂപയും റവന്യു ചെലവ് 25451375 രൂപയുമാണ്. റവന്യു വരവിനേക്കാൾ കൂടുതൽ ചെലവ് ഉണ്ടായിട്ടുള്ളതായി വാർഷിക കണക്ക് സൂചിപ്പിക്കുന്നു.

സാമ്പത്തിക സ്ഥിതി ആശങ്കാജനകമാണെങ്കിലും പുതുനഗരം ഗ്രാമപഞ്ചായത്ത് സേവന ഉപനികുതി ചുമത്തുന്നതിനുള്ള തീരുമാനം എടുത്തിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ചെയ്യുക, തെരുവു വിളക്കുകൾ കത്തിക്കുക എന്നീ അനിവാര്യ ചുമതലകൾ നിർവ്വഹിക്കുവാൻ പ്രയാസം അനുഭവിക്കുന്ന ഗ്രാമപഞ്ചായത്തിന് സേവന ഉപനികുതിയുടെ സാധ്യത പ്രയോജനപ്പെടുത്താവുന്നതാണ്. സേവന ഉപനികുതി ചുമത്തുവാൻ അനുവദിക്കപ്പെട്ടിട്ടുള്ള നാല് മേഖലകളിൽ ഗ്രാമപഞ്ചായത്ത് തീരുമാനിക്കുന്ന മേഖലകളിൽ നിശ്ചിത നിരക്കിൽ സേവന ഉപനികുതി ഏർപ്പെടുത്തിയാൽ ആ മേഖലകളിലെ സേവനം മെച്ചപ്പെടുത്തുവാനുള്ള അവസരം ലഭിക്കുന്നതാണ് എന്ന തിരിച്ചറിവോടെ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

ബി) കേന്ദ്ര സർക്കാരിന്റെ കെട്ടിടങ്ങളുടെ വസ്തു നികുതിയും സർവ്വീസ് ചാർജ്ജും

2011 ലെ കേരള പഞ്ചായത്ത്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 30 പ്രകാരം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ സംഗതിയിൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രൈനേജ് എന്നീ സേവനങ്ങൾക്കായി നിശ്ചിത നിരക്കിൽ സർവ്വീസ് ചാർജ്ജ് ഈടാക്കാവുന്നതാണ്. ആയതിനുള്ള സാധ്യത പരിശോധിച്ചിട്ടില്ല.

തനത് വരുമാനം കുറവായ സാഹചര്യത്തിൽ വസ്തു നികുതി നിർണ്ണയവും പിരിവും കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ പരാമർശങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ അഭിപ്രായം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 19/05.10.2023 നുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല.

1-12-1 ഭേദഗതി വിജ്ഞാപന പ്രകാരം വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല

24.02.2015 ലെ സ.ഉ(അ)നം.36/2015/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ നം. 100/2015 വിജ്ഞാപന പ്രകാരം സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം അവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക്ഷോപ്പ്, മൈക്രോ

സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ്മെന്റ് ആക്റ്റ്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ, ആയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ എന്നിവയ്ക്കും സ.ഉ(അ)നം.53/2020/തസ്വഭവ തിയതി 8-9-2020 പ്രകാരം റസിഡൻഷ്യൽ ഹോം സ്റ്റേകൾക്കും വസ്തുനികുതി നിർണ്ണയിച്ച് ഭേദഗതി വരുത്തിയിരുന്നു. റസിഡൻഷ്യൽ ഹോംസ്റ്റേകളുടെ വസ്തുനികുതി നിർണ്ണയിക്കുകയോ സഞ്ചയ സോഫ്റ്റ്‌വെയറിൽ ആയത് ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ ഇന്റേൺ ലഭ്യമാക്കിയ വിവരം അനുസരിച്ച് 2022-23 വർഷത്തിൽ 20 സ്ഥാപനങ്ങൾ MSME Development Act, 2006 പ്രകാരം ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നേടിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. എന്നാൽ MSME കളുടെ കൃത്യമായ വിവരം ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. സഞ്ചയയിൽ നിരക്ക് നിശ്ചയിക്കാത്തതിനാൽ യഥാർത്ഥ MSME കൾ മറ്റ് വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് വസ്തു നികുതി നിശ്ചയിച്ച് ഈടാക്കിവരുന്നത്.

വിജ്ഞാപനം അനുസരിച്ചുള്ള നിരക്ക് സഞ്ചയയിൽ ഉൾപ്പെടുത്തേണ്ടതാണ്.

സ്ഥാപനങ്ങളുടെ ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പരിശോധിച്ച് യഥാർത്ഥ എം.എസ്.എം.ഇകൾ ആണെന്ന് ഉറപ്പാക്കി സഞ്ചയയിൽ ഉൾപ്പെടുത്തേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 21/05.10.2023 നുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-12-2 വസ്തുനികുതി ക്രമപ്രകാരം ഈടാക്കേണ്ടതാണ്

വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് 40 രൂപയും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ളവയ്ക്ക് ചതുരശ്ര മീറ്ററിന് 60 രൂപയുമാണ് ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. എന്നാൽ 100 ച. മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള ചുവടെ ചേർത്തിട്ടുള്ള കെട്ടിടങ്ങൾക്ക് 100 ചതുരശ്ര മീറ്ററിൽ കുറവ് തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ വസ്തു നികുതിയാണ് ഈടാക്കിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | വിസ്തീർണ്ണം (ച.മീ) | കെട്ടിടത്തിന്റെ കാലപ്പഴക്കം (വർഷം) | നിർണ്ണയിച്ച വസ്തുനികുതി | നിർണ്ണയിക്കേണ്ട വസ്തുനികുതി |
|---|---|---|---|---|
| 3/298 | 220 | 5 | 10320 | 220*60 = 13200<br>വർദ്ധനവ് 20% (വഴിസൗകര്യം) - 2640<br>ഇളവ് - ഇല്ല<br>വസ്തുനികുതി - 15840 |
| 3/300 | 491.04 | 3 | 10320 | 491.04*60 = 29462.4<br>വർദ്ധനവ് 20% (വഴിസൗകര്യം) - 5892.48<br>ഇളവ് - ഇല്ല<br>വസ്തുനികുതി - 35355 |
| 3/302 | 191.57 | 3 | 9656 | 191.57*60 = 11494.2<br>വർദ്ധനവ് 20% (വഴിസൗകര്യം) - 2298.84<br>ഇളവ് - ഇല്ല<br>വസ്തുനികുതി - 13793 |
| 3/490 | 120.36 | 2 | 6067 | 120.36*60 = 7221.6<br>വർദ്ധനവ് 20% (വഴിസൗകര്യം) - 1444.32<br>ഇളവ് - ഇല്ല<br>വസ്തുനികുതി - 8666 |

സ.ഉ(എം.എസ്) നം. 144/15/ ത.സ്വ.ഭ.വ തീയതി 27-4-2015പ്രകാരം തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വാണിജ്യ,വ്യവസായ കെട്ടിങ്ങളുടെ വസ്തു നികുതി ആദ്യമായി നിശ്ചയിക്കുമ്പോൾ നികുതി വർദ്ധനവ് ഉണ്ടാകുന്നുണ്ടെങ്കിൽ അപ്രകാരമുള്ള വർദ്ധനവ് 100% ൽ അധികരിക്കാതെ നികുതി നിർണ്ണയിക്കേണ്ടതാണ്. പുതിയ നിർമ്മാണത്തിന് ആനുപാതിക വർദ്ധനവ് അധികമായി ചുമത്തേണ്ടതാണ്. മേൽ കെട്ടിടങ്ങൾ പുതിയതായി നിർമ്മിക്കപ്പെട്ടതിനാൽ ചട്ടപ്രകാരമുള്ള നിരക്കാണ് ബാധകമായിട്ടുള്ളത്.

പ്രസ്തുത കെട്ടിടങ്ങളെ സഞ്ചയ സോഫ്റ്റ്‌വെയറിൽ 100 ച. മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ഗണത്തിലുൾപ്പെടുത്തേണ്ടതും അതിന് ബാധകമായ വസ്തുനികുതി ഈടാക്കി അറിയിക്കേണ്ടതുമാണ്.
ഓഡിറ്റ് അന്വേഷണം നം. 21/05.10.2023 നുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-12-3 വസ്തു നികുതി - തെറ്റായ ഡാറ്റ ക്രമീകരിക്കേണ്ടതാണ്

വസ്തുനികുതി വർദ്ധനവ് പരിമിതപ്പെടുത്തിയ താഴെ പറയുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം ‘വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ’ എന്നതിന് പകരം ‘വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ’ എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതുമൂലം തെറ്റായ നികുതി നിർണ്ണയമോ നഷ്ടമോ ഉണ്ടാകുന്നില്ലെങ്കിലും തെറ്റായ ഡാറ്റ സഞ്ചയയിൽ തുടരുന്നു.

| ക്രമ നം. | കെട്ടിട നം. | വിസ്തീർണ്ണം (ച.മീ) |
|---|---|---|
| 1 | 1/138 | 182 |
| 2 | 5/389 | 179 |
| 3 | 7/204 | 126 |
| 4 | 7/206 | 180 |
| 5 | 8/48 | 157 |
| 6 | 9/257 | 122 |
| 7 | 10/48 | 225 |
| 8 | 12/183 | 110 |

ഓഡിറ്റ് അന്വേഷണം നം. 21/05.10.2023 നുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല.
ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 തൊഴിൽനികുതി പിരിവ്

തൊഴിൽനികുതി പിരിവ് പരിശോധനയിലെ കണ്ടെത്തലുകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു. ഓഡിറ്റ് അന്വേഷണം നം. 20/05.10.2023 നുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-13-1 തൊഴിൽ നികുതി - അവലോകനം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204, 205, 205എ മുതൽ 205കെ വരെയുള്ള വകുപ്പുകൾ എന്നിവയിലാണ് തൊഴിൽ നികുതിയെക്കുറിച്ച് പ്രതിപാദിക്കുന്നത്. വകുപ്പ് 204 ലെ ഉപവകുപ്പ് (1) പ്രകാരം നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്ക് വിധേയമായി ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ഓരോ അർദ്ധ വർഷവും അറുപതു ദിവസത്തിൽ കുറയാതെ ഇടപാട്ടു നടത്തുന്ന ഓരോ കമ്പനിയുടേയും; ആകെ കൂടി അറുപതു ദിവസത്തിൽ കുറയാതെ ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ, ഒരു പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിന് വെളിയിലോ ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുകയോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ, സ്വകാര്യമായതോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ, മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരാളുടേയുംമേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കുന്നതിനായി കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി)ചട്ടങ്ങൾ, 1996 പുറപ്പെടുവിച്ചിട്ടുണ്ട്.

തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലേയും പിരിച്ചെടുക്കുന്നതിലേയും കാര്യക്ഷമത പരിശോധിക്കുക എന്ന ലക്ഷ്യത്തോടെ ഡിമാന്റ് രജിസ്റ്ററുകൾ, സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള അർദ്ധ വാർഷിക റിട്ടേണുകൾ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സുകൾ മുതലായ രേഖകൾ മുൻനിർത്തി പരിശോധിക്കുകയുണ്ടായി.

പുതുനഗരം ഗ്രാമപഞ്ചായത്തിൽ 2022-23 വർഷത്തിൽ 44 സ്ഥാപനകളിലെ ജീവനക്കാരിൽ നിന്നാണ് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിട്ടുള്ളത്.

വാർഷിക കണക്ക് പ്രകാരമുള്ള തൊഴിൽ നികുതി വരവ്

ജീവനക്കാരുടെ തൊഴിൽ നികുതി - 7,99,775രൂപ

സ്ഥാപനം/ട്രേഡേഴ്സിന്റെ തൊഴിൽ നികുതി - 3,67,230രൂപ

ആകെ - 11,67,005 രൂപ

തൊഴിൽ നികുതി പിരിവിലെ കാര്യക്ഷമത വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും നിരീക്ഷണങ്ങളും താഴെ ചേർക്കുന്നു.

എ) ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും ഡാറ്റാബേസ് സൂക്ഷിക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ, വ്യക്തിയോ ഒരു അർദ്ധ വർഷത്തേക്ക് തൊഴിൽ നികുതി കൊടുക്കേണ്ടതാണെന്ന് സെക്രട്ടറിക്ക് അഭിപ്രായമുള്ള പക്ഷം തുടർന്നുള്ള അർദ്ധ വർഷത്തിൽ ഒരു നോട്ടീസ് പ്രകാരം പതിനഞ്ചു ദിവസത്തിനുള്ളിൽ ഒരു റിട്ടേൺ സമർപ്പിക്കണമെന്ന് ആവശ്യപ്പെടാവുന്നതാണ്. സമർപ്പിക്കപ്പെടുന്ന റിട്ടേണിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. ചട്ടം 14, 16 എന്നിവ പ്രകാരം തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ജീവനക്കാരുടെ പേരുവിവരം ശമ്പളത്തിന്റെ സ്റ്റേറ്റ്മെന്റ് സഹിതം സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്.

നോട്ടീസ് നൽകുക, ജീവനക്കാരുടെ വിവരം ആവശ്യപ്പെടുക എന്നീ നടപടിക്രമങ്ങൾ കാര്യക്ഷമമാക്കുന്നതിനായി എല്ലാ സ്ഥാപനങ്ങളുടേയും വിശദാംശങ്ങൾ അടങ്ങിയ ഡാറ്റാബേസ് സൂക്ഷിച്ചിട്ടില്ല. ഡിമാന്റ് രജിസ്റ്ററിന്റെ ആദ്യ ഭാഗത്ത് രേഖപ്പെടുത്തുന്ന സ്ഥാപനങ്ങളുടെ പട്ടികയെ അടിസ്ഥാനമാക്കിയാണ് ഓരോ അർദ്ധ വർഷത്തിലും നികുതി ഡിമാന്റ് ചെയ്യുന്നത്.

ലൈസൻസ് ഉള്ള സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരുടേയും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടോ എന്ന് രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെടാനാകാത്ത സ്ഥിതിവിശേഷവും നിലവിലുണ്ട്.

വിവര ശേഖരണത്തോടൊപ്പം തൊഴിൽ വകുപ്പ്, വ്യവസായ വകുപ്പ്, ജി.എസ്.ടി വകുപ്പ്, തൊഴിലാളി ക്ഷേമനിധി ബോർഡ്, വ്യാപാരി വ്യവസായി സംഘടനകൾ മുതലായ സ്ഥാപനങ്ങൾ മുഖേന കമ്പനികളുടേയും തൊഴിലാളികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്തേണ്ടതാണ്.

എല്ലാ സ്ഥാപനങ്ങളുടേയും വിവരം രേഖപ്പെടുത്തിയ ഡാറ്റാബേസ് തയ്യാറാക്കേണ്ടതും ആയത് കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

ബി) സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും വരുമാനം സംബന്ധിച്ച വിവരശേഖരണം

1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13 പ്രകാരം (വകുപ്പ് 205ബി) ഏതെങ്കിലും ഹോട്ടലിന്റേയോ, ബോർഡിംഗിന്റേയോ, ലോഡ്ജിംഗ് ഹൗസിന്റേയോ, ക്ലബ്ബിന്റേയോ

നടത്തിപ്പുകാരോട് താമസക്കാരുടെ തൊഴിൽ, കല മുതലായവയുടെ വിവരം ആവശ്യപ്പെടാവുന്നതാണ്. ചട്ടം 14 പ്രകാരം തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ ജീവനക്കാരുടെ പേരുവിവരം സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ് (വകുപ്പ് 205 സി). ചട്ടം 16 പ്രകാരം തൊഴിലുടമകളോട് ജീവനക്കാരുടെ വരുമാനത്തേയോ, ശമ്പളത്തേയോ സംബന്ധിച്ച വിവരം ആവശ്യപ്പെടേണ്ടതും തുടർന്ന് വിവിധ നടപടിക്രമങ്ങൾ പാലിച്ച് ചട്ടം 18 പ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതുമാണ്.

തൊഴിൽ നികുതിയുടെ ആവശ്യത്തിനായി രണ്ട് അർദ്ധ വർഷങ്ങളിലും ഡിമാന്റ് നോട്ടീസ് നൽകുന്നതിനു മുമ്പായി ചട്ടങ്ങൾ പ്രകാരമുള്ള വിവരശേഖരണം ഗ്രാമപഞ്ചായത്തിൽ നടത്തിയിട്ടില്ല.

സി) ഡിമാന്റ് നോട്ടീസ് നൽകുന്നതിലെ കാര്യക്ഷമത

ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്ന പട്ടിക പ്രകാരം സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകുന്ന രീതിയാണ് തുടർന്നു വരുന്നത്. ഏതെങ്കിലും സ്ഥാപനങ്ങളോ ജീവനക്കാരോ ഡിമാന്റിൽ നിന്നും വിട്ടുപോയിട്ടുണ്ടോ എന്ന് ഉറപ്പാക്കുന്നതിനായി ശാസ്ത്രീയ രീതികൾ അവലംബിക്കുന്നില്ല. 2022-23 വർഷത്തിൽ MSME രജിസ്ട്രേഷൻ എടുത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി നികുതി ഡിമാന്റ് ചെയ്തിട്ടില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്.

ഡി) സമർപ്പിച്ചിട്ടുള്ള വിവരങ്ങളുടെ ആധികാരികത ഉറപ്പാക്കൽ

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി സെക്ഷനിൽ റിട്ടേണുകളുടെ പൊതുവായ വിലയിരുത്തൽ മാത്രമാണ് നടക്കുന്നത്. വിവരങ്ങളുടെ ആധികാരികത ഉറപ്പാക്കുന്നതിനായി സ്ഥാപന സന്ദർശനം നടത്തി സ്ഥാപനത്തിലെ രജിസ്റ്ററുമായി പൊരുത്തപ്പെടുത്തി പരിശോധിച്ചതായി കാണുന്നില്ല.

ഇ) പ്രിസംപ്റ്റീവ് പ്രൊഫഷൻ ടാക്സ് (Presumptive Profession Tax) – നിശ്ചിത തുക ഈടാക്കുന്നതിന് നിയമ തടസ്സം

സ്വന്തമായി ജോലി ചെയ്യുന്ന വ്യക്തികളെ തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടു വരിക എന്നതാണ് പ്രിസംപ്റ്റീവ് പ്രൊഫഷൻ ടാക്സ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. സ.ഉ(അ)നം.143/2008/തസ്വഭവ തിയതി 27-05-2008 പ്രകാരം അഭിഭാഷകർ, ഗ്രാമപഞ്ചായത്തുകളിലെ സ്വകാര്യ ഡോക്ടർമാർ, വൈദ്യൻമാർ, പാരാ മെഡിക്കൽ വിദഗ്ധർ, മറ്റ് സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ എന്നിവർക്കുള്ള തൊഴിൽ നികുതി നിരക്ക് നിശ്ചയിച്ച് ഉത്തരവായിരുന്നു. പ്രൊഫഷണലുകളെ കൂടാതെ സ്വന്തമായി ജോലി ചെയ്യുന്ന വ്യക്തികളെ കൂടി തൊഴിൽ നികുതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിരുന്നു.

മേൽ ഉത്തരവനുസരിച്ച് തൊഴിൽ നികുതി ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കാതിരുന്നത് നിയമ പ്രശ്നങ്ങൾക്കിടയാക്കിയിട്ടുണ്ട്. പ്രിസംപ്റ്റീവ് പ്രൊഫഷൻ ടാക്സ് ഏർപ്പെടുത്തിയ നടപടിക്ക് നിയമപരമായ സാധുത നൽകേണ്ടതാണെന്ന് WP(C)നം.26260 Of 2008(A) നമ്പർ കേസിന്റെ 20-11-2009 ലെ വിധിയിൽ ബഹു.ഹൈക്കോടതി അഭിപ്രായപ്പെടുകയും ഉത്തരവ് മരവിപ്പിക്കുകയും ചെയ്തു. ആയതിനുശേഷം നാളിതുവരെ 1996ലെ തൊഴിൽ നികുതി ചട്ടങ്ങളിൽ ഉചിതമായ ഭേദഗതി വരുത്തിയതായി കാണുന്നില്ല.

നിലവിൽ, സ്വന്തമായി ജോലി ചെയ്യുന്ന വ്യക്തികളിൽ നിന്നും പ്രൊഫഷണലുകളിൽ നിന്നും ഗ്രാമപഞ്ചായത്തിന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കാവുന്നതാണെങ്കിലും അത്തരത്തിൽ പ്രൊഫഷണലുകളിൽ നിന്നും തൊഴിൽ നികുതി ഇനത്തിൽ തുകയൊന്നും വരവില്ല എന്ന് രേഖകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു.

തൊഴിൽ നികുതിയായി നിശ്ചിത തുക ഈടാക്കുവാൻ 1996ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ ആവശ്യമാണെന്ന് വിലയിരുത്തുന്നു.

ചട്ടങ്ങളിൽ ഭേദഗതി പരിഗണിക്കുമ്പോൾ പുതിയ സാഹചര്യം കൂടി കണക്കിലെടുത്ത് കൂടുതൽ സ്ഥാപനങ്ങളേയും വ്യക്തികളേയും പ്രിസംപ്റ്റീവ് പ്രൊഫഷൻ ടാക്സിന്റെ പരിധിയിൽ കൊണ്ടു വരാവുന്നതാണ്.

എഫ്) തൊഴിൽ നികുതി പിരിവിലെ പ്രായോഗിക പ്രശ്നങ്ങൾ

I. അർദ്ധ വാർഷിക വരുമാനത്തിന്റെ പരമാവധി തുക

1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളില ചട്ടം 3(2) പ്രകാരം ഗ്രാമപഞ്ചായത്തിന് ഓരോ

സ്ലാബിലും ഈടാക്കാവുന്ന പരമാവധി തുകയാണ് പട്ടികയിൽ നൽകിയിട്ടുള്ളത്. പരമാവധിയിൽ കുറവ് തുക ഈടാക്കുന്നതിന് തടസ്സമില്ലെങ്കിലും ഗ്രാമപഞ്ചായത്തിൽ പട്ടികയിലെ പരമാവധി തുക തന്നെയാണ് ഈടാക്കി വരുന്നത്.

II. ടേണോവർ കണക്കാക്കൽ

ചട്ടം 6, 7, 8 എന്നിവ പ്രകാരം കമ്പനികളുടെ ടേണോവർ കണക്കാക്കി തൊഴിൽ നികുതി നിർണ്ണയിക്കുന്നതിൽ സങ്കീർണ്ണത ഉള്ളതായി വിലയിരുത്തുന്നു. സ്ഥാപനങ്ങളിൽ നിന്നും പരമാവധി തുകയായ 1250 രൂപ ഈടാക്കുന്ന രീതിയാണ് തുടർന്നു വരുന്നത്. ടേണോവർ എത്രയെന്ന് പൊതുവെ, സ്ഥാപനങ്ങൾ റിട്ടേണിൽ രേഖപ്പെടുത്തുകയോ ആയതിന്റെ കൃത്യത ഗ്രാമപഞ്ചായത്ത് പരിശോധിക്കുകയോ ചെയ്യുന്നില്ല.

കമ്പനികളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനായി സങ്കീർണ്ണയതില്ലാത്ത മറ്റേതെങ്കിലും മാനദണ്ഡം അവലംബിക്കാവുന്ന വിധത്തിൽ ചട്ടങ്ങളിൽ ഭേദഗതി ആവശ്യമാണെന്ന് വിലയിരുത്തുന്നു.

ജി) തൊഴിൽ നികുതിയുടെ കമ്പ്യൂട്ടറൈസേഷൻ

സഞ്ചയ സോഫ്റ്റ്‌വെയറിൽ തൊഴിൽ നികുതി കൈകാര്യം ചെയ്യുന്നതിനുള്ള മോഡ്യൂൾ കൂടി വിഭാവനം ചെയ്തിട്ടുണ്ടെങ്കിലും ആയതിനുള്ള മോഡ്യൂൾ സഞ്ചയയിൽ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

നിലവിലുള്ള പ്രായോഗിക പ്രശ്നങ്ങൾ തൊഴിൽ നികുതിയുടെ കമ്പ്യൂട്ടർവത്ക്കരണത്തിലൂടെ ഒരു പരിധിവരെ പരിഹരിക്കപ്പെടുന്നതാണെന്ന് വിലയിരുത്തുന്നു.

എച്ച്) ഡിമാന്റ് രജിസ്റ്ററിന്റെ സൂക്ഷിപ്പ്

ഡിമാന്റ് രജിസ്റ്ററിലെ തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തിയിട്ടുണ്ടെങ്കിലും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഐ) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, നികുതി പിരിവിന്മേൽ പൊതുവായ വിലയിരുത്തൽ മാത്രമാണ് നടത്തുന്നത്. ഓരോ അർദ്ധ വർഷവും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിനു മുമ്പായി പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളും ജീവനക്കാരും തൊഴിൽ നികുതിയുടെ പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ഉറപ്പാക്കുന്ന തരത്തിലുള്ള പരിശോധനകൾ ഉണ്ടാകുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥരും ഇക്കാര്യത്തിൽ കാര്യക്ഷമമായ ഇടപെടൽ നടത്തേണ്ടതാണ്.

ഈ വിഷയത്തിൽ നിലനിൽക്കുന്ന അപാകങ്ങൾ പരിഹരിച്ച് പരമാവധി നികുതി സ്വരൂപിക്കുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-13-2 MSME സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നില്ല

2022-23 വർഷത്തെ ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എടുത്തിട്ടുള്ള MSME കളുടെ ഡാറ്റ തൊഴിൽ നികുതി രജിസ്റ്ററുമായി പൊരുത്തപ്പെടുത്തി പരിശോധിച്ചപ്പോൾ MSME കളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | എം ബീസ് സ്നാക്സ് | 8 |
| 2 | പാം ഫീസ്റ്റ് | 3 |
| 3 | ഫുഡ് സ്പാർക്ക് ചിക്കിങ് | 5 |
| 4 | ഹിറ്റ്മാൻ ബൊട്ടീക്ക് | 3 |
| 5 | സന ടെയ് ലറിംഗ് | 4 |

MSME സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13-3 തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ലാത്ത ഏതാനും സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ഗോകുലം വുഡ് ക്രാഫ്റ്റ്സ് | 7 |
| 2 | ഷിജിൻ ഓട്ടോമൊബൈൽസ് | 5 |
| 3 | ഗ്രാൻഡ് ഹയാത്ത് റസ്റ്റോറന്റ് | 5 |
| 4 | ന്യൂ മലബാർ ഫാമിലി റസ്റ്റോറന്റ് | 5 |
| 5 | വിസ്മയ വെഡ്ഡിങ് കളക്ഷൻ | 8 |
| 6 | എ ആർ ഗാർമെന്റ്സ് & ടൈലറിങ് വർക്ക് ഷോപ്പ് | 5 |
| 7 | ജി ബേക്സ് | 4 |

മേൽ സൂചിപ്പിച്ചവ ഏതാനും ഉദാഹരണങ്ങൾ മാത്രമാണ്. മിക്ക അപേക്ഷകളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം രേഖപ്പെടുത്താതെ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 വിനോദ നികുതി ഈടാക്കുന്നതിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല

1961 ലെ Kerala Local Authorities Entertainments Tax Act ലെ സെക്ഷൻ 3 പ്രകാരം കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിനോദത്തിനായുള്ള ടിക്കറ്റിന്മേൽ നിശ്ചിത നിരക്കിൽ വിനോദ നികുതി ഈടാക്കുന്നതിനുള്ള അധികാരം നൽകുന്നുണ്ട്. ജി.എസ്.ടി നിലവിൽ വന്നതോടെ തിയറ്ററുകളിൽ നിന്നുള്ള വിനോദ നികുതി ഈടാക്കേണ്ടതില്ലെന്ന് സംസ്ഥാന സർക്കാർ തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. ജി.എസ്.ടി നിരക്ക് 28% ൽ നിന്നും 18% ആയി കേന്ദ്ര സർക്കാർ കുറവു ചെയ്തതിനെത്തുടർന്ന് സിനിമാ ടിക്കറ്റിന്മേൽ വീണ്ടും വിനോദ നികുതി ഏർപ്പെടുത്തുവാൻ സംസ്ഥാന സർക്കാർ തീരുമാനമെടുക്കുകയും 1961 ലെ Kerala Local Authorities Entertainments Tax Act ൽ ഭേദഗതി വരുത്തുകയും ചെയ്തു. 2019-ലെ കേരള ധനകാര്യ നിയമത്തിലെ (Kerala Finance Act, 2019) വകുപ്പ് 6 പ്രകാരമാണ് 1961 ലെ Kerala Local Authorities Entertainments Tax Act ലെ വകുപ്പ് 3 ൽ ഭേദഗതി വരുത്തിയിട്ടുള്ളത്. ഇതോടെ ഓരോ സിനിമാ ടിക്കറ്റിന്മേലും 10% ൽ കൂടാതെ വിനോദ നികുതി ഈടാക്കാവുന്നതാണെന്നുള്ള നിയമ വ്യവസ്ഥ നിലവിൽ വന്നു.

സ.ഉ(കൈ)നം.63/2019/തസ്വഭവ തിയതി 10-06-2019 പ്രകാരം 10-06-2019 മുതൽ സിനിമാ ടിക്കറ്റിന്മേൽ 10% വിനോദ നികുതി ഈടാക്കുന്നതിന് അനുമതി നൽകിയെങ്കിലും സ.ഉ(കൈ)നം.112/2019/ത.സ്വ.ഭ.വ തിയതി 31-08-2019 പ്രകാരം 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5%, 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% എന്നിങ്ങനെ നിരക്കുകൾ പുതുക്കി നിശ്ചയിക്കുകയും പ്രാബല്യതിയതി 1-9-2019 ആയി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഇ-ടിക്കറ്റ് നിലവിൽ വരുന്നതുവരെ സിനിമാ ടിക്കറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൊണ്ടുപോയി സീൽ ചെയ്യേണ്ടതില്ലെന്നും ജി.എസ്.ടി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം മൂന്നാം തിയതിക്കുള്ളിൽ വിനോദ നികുതിയിനത്തിൽ പിരിച്ച തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

പുതുനഗരം ഗ്രാമപഞ്ചായത്തിൽ ന്യൂ തിയേറ്റർ സ്ക്രീൻ I, ന്യൂ തിയേറ്റർ സ്ക്രീൻ IIഎന്നീ തിയേറ്ററുകളാണ് നിലവിലുള്ളത്. 2022-23 വർഷത്തെ വാർഷിക കണക്ക് പ്രകാരം ആകെ 3,79,752 രൂപയാണ് വിനോദ നികുതി

ഇനത്തിലെ വരവ്. ടിക്കറ്റുകളുടെ എണ്ണം, ഈടാക്കിയ വിനോദ നികുതി എന്നിവ രേഖപ്പെടുത്തിയ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. തിയറ്റർ ഉടമകൾ സമർപ്പിച്ച ടിക്കറ്റുകളുടെ എണ്ണം രേഖപ്പെടുത്തിയ പട്ടികകളാണ് ആധാരമാക്കുന്നത്.

അടിസ്ഥാന നിരക്ക് 100 രൂപയിൽ താഴെയായതിനാൽ (79.25 രൂപ) 5% വിനോദ നികുതിയാണ് ബാധകമായിട്ടുള്ളത്. അടിസ്ഥാന ടിക്കറ്റ് നിരക്കായ 79.25 രൂപയുടെ 5% ആയ 3.96 രൂപയാണ് ഒരു ടിക്കറ്റിന്റെ വിനോദ നികുതിയായി ഈടാക്കിവരുന്നത്. തിയേറ്ററിൽ നിന്നും ലഭിക്കുന്ന ഡെയ്‌ലി കളക്ഷൻ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള ടിക്കറ്റുകളുടെ എണ്ണത്തെ 3.96 കൊണ്ട് ഗുണിച്ചുകിട്ടുന്ന തുകയാണ് വിനോദനികുതിയായി ഈടാക്കിവരുന്നത്.

എല്ലാ മാസവും മൂന്നാം തിയതിക്കുള്ളിൽ വിനോദ നികുതി ഒടുക്കേണ്ടതാണെങ്കിലും ദിവസങ്ങൾ വൈകിയാണ് നികുതി ഒടുക്കുന്നതെന്നും ലെഡ്ജർ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു.

നിലവിൽ തിയറ്റർ ഉടമകൾ ജി.എസ്.ടി റിട്ടേൺ ഫയൽ ചെയ്യുന്നത് മൂന്ന് മാസം കൂടുമ്പോൾ ആയതിനാൽ വിനോദ നികുതി ഈടാക്കുന്നതിന് പ്രതിമാസ ജി.എസ്.ടി റിട്ടേൺ അടിസ്ഥാനമാക്കേണ്ടതാണെന്ന നിർദ്ദേശം പാലിക്കുവാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്.

എത്ര ടിക്കറ്റിന്റെ വിനോദ നികുതിയാണ് ഈടാക്കിയതെന്നും എത്ര തുക ഈടാക്കിയെന്നും കാണിക്കുന്ന ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

- എല്ലാ മാസവും മൂന്നാം തിയതിക്കകം വിനോദ നികുതി ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
- ടിക്കറ്റുകളുടെ എണ്ണത്തിന്റെ കൃത്യത ഉറപ്പാക്കി മാത്രം വിനോദ നികുതി ഈടാക്കേണ്ടതാണ്.
- വിനോദ നികുതിയുടെ ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 09/03.10.2023 നുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-15 നികുതിയേതര വരവുകൾ - അവലോകനം

ലൈസൻസ് ഫീസ്, പെർമിറ്റ് ഫീസ്, വസ്തുവകകളിൽ നിന്നുള്ള ആദായം, വിവിധ ആസ്തികളുടെ ഉപയോഗത്തിനുള്ള ഫീസ്, രജിസ്ട്രേഷൻ ഫീസ്, മറ്റ് വരവുകൾ മുതലായ നികുതിയേതര ഇനങ്ങളിൽ നിന്നുള്ള റവന്യൂ പിരിച്ചെടുക്കുന്നതിൽ കൃത്യത പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1) വാടക

*കേരള പഞ്ചായത്ത് രാജ്(വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ, 2005

ഗ്രാമപഞ്ചായത്തിൽ ഒരു ഓഡിറ്റോറിയവും ഷോപ്പിംഗ് കോംപ്ലക്സ്, ഫിഷ് മാർക്കറ്റ്, ബസ് വെയ്റ്റിംഗ് ഷെഡ്ഡ് എന്നിവയിലെ കടമുറികളുമാണ് വാടകയ്ക്ക് നൽകുന്നത്. ഇവയിൽ നിന്നും യഥാക്രമം 6,30,000/- രൂപ, 6,66,775/-രൂപ തൻവർഷം വരവുണ്ട്.

കടമുറികൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് ബൈലോ രൂപീകരിച്ചിട്ടില്ല.

എ) കുടിശ്ശിക ഈടാക്കൽ

വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വാടകയിനത്തിൽ 1,59,617 രൂപ കുടിശ്ശികയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. (വാടക പിരിവിലെ അപാകങ്ങൾ പ്രത്യേക ഖണ്ഡികയായി ചേർത്തിട്ടുണ്ട്)

2) ഫാക്ടറികൾക്കും വ്യവസായങ്ങൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ

- 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 233, 233A, 233B, 233C, 234
- 1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ

2022-23 വർഷത്തിൽ 251 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിക്കുകയോ പുതുക്കി നൽകുകയോ ചെയ്തിട്ടുള്ളത്. ലൈസൻസ് ഫീസ് ഇനത്തിൽ ആകെ 1,,77,000 രൂപയാണ് ലഭ്യമായിട്ടുള്ളത്.

ലൈസൻസ് അനുവദിക്കുന്നതിലെ നടപടിക്രമങ്ങൾ വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ) ലൈസൻസ് നടപടിക്രമങ്ങളിൽ അവ്യക്തതകൾ നിലനിൽക്കുന്നു

2017 ൽ നിയമത്തിലും ചട്ടങ്ങളിലും വരുത്തിയ ഭേദഗതികൾ പ്രകാരം കൂടുതൽ വിഭാഗങ്ങളിലുള്ള സ്ഥാപനങ്ങളെ ലൈസൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തിയെങ്കിലും ചട്ടങ്ങളിലെ പട്ടിക-I ൽ 'ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങളും ഫാക്ടറികളും' എന്ന വിഭാഗത്തിൽപ്പെട്ട 249 സ്ഥാപനങ്ങൾ മാത്രമാണുള്ളത്. പട്ടിക-I ൽ മാറ്റങ്ങൾ വരുത്താതിരുന്നതിനാൽ പുതിയ വിഭാഗങ്ങളിൽപ്പെട്ട സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കാത്ത സാഹചര്യമാണുള്ളത്. ലൈസൻസ് നൽകുന്നതിലെ അവ്യക്തത പരിഹരിക്കുന്നതിനായി എല്ലാ വിഭാഗം സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി പട്ടിക-I സർക്കാർതലത്തിൽ പുതുക്കേണ്ടതുണ്ടെന്ന് വിലയിരുത്തുന്നു.

ബി) ഫീസ് ഘടനയിലെ അവ്യക്തത

1996ലെ ലൈസൻസ് ചട്ടങ്ങളിലെ പട്ടിക-II ലെ നിരക്കിൽ സ്ഥാപനങ്ങളുടെ വാർഷിക വിറ്റു വരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിരുന്നത്. 31-10-2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം 'വിറ്റു വരവ്' എന്നത് 'മൂലധന നിക്ഷേപം' (Investment) എന്നാക്കി മാറ്റുകയും പട്ടിക-II പുതുക്കുകയും ചെയ്തിട്ടുണ്ട്. സ്ഥാപനങ്ങളെ മൈക്രോ, സ്മാൾ, മീഡിയം, ലാർജ് എന്നീ വിഭാഗങ്ങളാക്കി തിരിച്ച് ഉത്പാദനമേഖല, സേവനമേഖല എന്നിങ്ങനെ വേർതിരിക്കുകയും ചെയ്തു. സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപത്തെ അടിസ്ഥാനമാക്കി 500 മുതൽ 15000 രൂപ വരെയുള്ള ലൈസൻസ് ഫീസാണ് നിശ്ചയിച്ചിട്ടുള്ളത്. പട്ടികയിൽ നൽകിയിട്ടുള്ള തുക, ഈടാക്കാവുന്ന ഫീസിന്റെ പരമാവധിയാണ്. വ്യത്യസ്ത മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ത നിരക്കിൽ ഫീസ് ഈടാക്കാവുന്നതാണെങ്കിലും സ്ലാബ് തിരിച്ച് ഈടാക്കാവുന്ന നിരക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടില്ല.

സി) അപേക്ഷാ ഫോറം ചട്ടത്തിന്റെ ഭാഗമാക്കിയില്ല

സ്ഥാപനങ്ങളുടെ പുതുക്കിയ ഫീസ് ഘടനയ്ക്കനുസരിച്ചുള്ള പുതുക്കിയ അപേക്ഷാ ഫോറം ഭേദഗതി ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നത് അവ്യക്തതകൾക്ക് കാരണമായിട്ടുണ്ട്.

ഡി) കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റ്, 2019 പ്രകാരമുള്ള മാറ്റങ്ങളും ലൈസൻസും

സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ (എം.എസ്.എം.ഇ) സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും പരിശോധനകളിൽ നിന്നും പ്രസ്തുത സ്ഥാപനങ്ങളെ ഒഴിവാക്കുന്നതിനുമുള്ള കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റ്, 2019 പുറപ്പെടുവിച്ചിട്ടുണ്ട്. കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ചട്ടങ്ങൾ, 2020 ഉം പുറപ്പെടുവിച്ചിട്ടുണ്ട്.

കേരള മലിനീകരണ നിയന്ത്രണ ബോർഡ്, 'റെഡ് കാറ്റഗറി' വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഒരു വ്യവസായ സ്ഥാപനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഏതൊരാളും ഫോറം-I ൽ നോഡൽ ഏജൻസി മുമ്പാകെ സ്വയം സാക്ഷ്യപത്രം(Self Certification) സമർപ്പിച്ചാൽ ഒരു കൈപ്പറ്റ് സാക്ഷ്യപത്രം (Acknowledgement Certificate) ലഭിക്കുന്നതാണ്. സാക്ഷ്യപത്രത്തിന് മൂന്നു വർഷം വരെ പ്രാബല്യമുണ്ടാകുന്നതാണ്. മൂന്ന് വർഷക്കാലയളവിനുള്ളിൽ, ഏതെങ്കിലും സംസ്ഥാന നിയമത്തിൻകീഴിൽ ആവശ്യമായ ലൈസൻസുകളും

അനുവാദങ്ങളും അംഗീകാരങ്ങളും ക്ലിയറൻസുകളും രജിസ്ട്രേഷനുകളും അനുമതികളും നിരാക്ഷേപ പത്രങ്ങളും സമാനമായവയും നൽകുന്നതിന് ക്ഷമതയുള്ള അധികാര സ്ഥാനം, അംഗീകാരം നൽകുന്നതിന്റെ ആവശ്യത്തിലേക്കായോ, അതുമായി ബന്ധപ്പെട്ടോ മറ്റേതെങ്കിലും പരിശോധന നടത്തുവാൻ പാടുള്ളതല്ല.

ഗ്രാമപഞ്ചായത്തിലെ ഇന്റേൺ ലഭ്യമാക്കിയ വിവരം അനുസരിച്ച് 2022-23 വർഷത്തിൽ 24 സ്ഥാപനങ്ങൾ MSME Development Act, 2006 പ്രകാരം ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നേടിയിട്ടുണ്ട്. എന്നാൽ MSME കളുടെ കൃത്യമായ വിവരം ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. എല്ലാ MSME കളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കുന്നില്ല.

കൈപ്പറ്റ് സാക്ഷ്യപത്രം ലഭ്യമാക്കി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ കണക്ക് ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. അത്തരം സ്ഥാപനങ്ങൾ ബാധകമായ നികുതി ഒടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

ഇ) ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കൽ

സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ലൈസൻസ് ഫീസ് ഒടുക്കിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നത്. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

എഫ്) ഡിമാന്റിന്റെ പൂർണ്ണത

സഞ്ചയയിലെ ഡാറ്റ പ്രകാരം 1413 വാണിജ്യാവശ്യത്തിനായുള്ള കെട്ടിടങ്ങൾ അസസ്സ് ചെയ്തിട്ടുണ്ടെങ്കിലും 251 സ്ഥാപനങ്ങൾ മാത്രമേ ലൈസൻസ് എടുത്തിട്ടുള്ളു എന്ന് കണ്ടെത്തി. വസ്തു നികുതി ഒടുക്കുന്ന ഗാർഹികേതര സ്ഥാപനങ്ങളുടെ കണക്കും ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ കണക്കും പൊരുത്തപ്പെടാത്ത സാഹചര്യം നിലവിലുണ്ട്.

ജി) ലൈസൻസിനായുള്ള ഓൺലൈൻ സംവിധാനം

സഞ്ചയ സോഫ്റ്റ്‌വെയറിൽ ലൈസൻസ് നടപടികൾ കൈകാര്യം ചെയ്യുന്നതിനുള്ള മോഡ്യൂൾ കൂടി ഉൾപ്പെടുത്തുവാൻ ലക്ഷ്യമിട്ടിട്ടുണ്ടെങ്കിലും നാളിതുവരെ ആയത് പ്രാവർത്തികമാക്കിയിട്ടില്ല. അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിക്കുവാനും ഫീസ് ഓൺലൈൻ ആയി ഒടുക്കുവാനുമുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി പുതുക്കിയ പട്ടിക-1 പുറപ്പെടുവിക്കുന്നതിനും അപേക്ഷാ ഫോറം ചട്ടത്തിന്റെ ഭാഗമായി പുറപ്പെടുവിക്കുന്നതിനും സർക്കാർ തലത്തിൽ നടപടികൾ ആവശ്യമായതിനാൽ ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.
- വാർഡ് അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും ഫീൽഡ് തല പരിശോധനയിലൂടെ ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളെ കണ്ടെത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്.
- ലൈസൻസ് എടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
- 2016 ലെ പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ സത്യവാങ്മൂലത്തിൽ ഉറപ്പാക്കേണ്ടതാണ്.

3) മറ്റ് ലൈസൻസുകൾ

എ) പന്നികൾക്കും പട്ടികൾക്കും ലൈസൻസ്

- കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽ കൽ) ചട്ടങ്ങൾ, 1998 പ്രകാരം പന്നികളേയും പട്ടികളേയും വളർത്തുന്നതിനുള്ള നിയന്ത്രണത്തിനായി ലൈസൻസ് ഏർപ്പെടുത്തിയിട്ടുണ്ട്.

അപേക്ഷാ ഫീസ് 50 രൂപയായി പുതുക്കിയിട്ടുണ്ട്. ഈ ഇനത്തിൽ 1680 രൂപയാണ് വരവുള്ളത്. നിലവിലെ സാഹചര്യത്തിൽ എല്ലാ വളർത്തു നായ്ക്കൾക്കും ലൈസൻസ് അനുവദിക്കുന്നത് നിർബന്ധമാക്കേണ്ടതാണ്.

ബി) ലൈവ്സ്റ്റോക്ക് ഫാമുകൾക്കുള്ള ലൈസൻസ്

- കേരള പഞ്ചായത്ത് രാജ്(ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 2012 പ്രകാരം ലൈസൻസ് ഇനത്തിൽ വരവൊന്നുമില്ല.

ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ലൈവ്സ്റ്റോക്ക് ഫാമുകളെല്ലാം കൃത്യമായ ലൈസൻസോടുകൂടിയാണ് പ്രവർത്തിക്കുന്നതെന്ന് അധികൃതർ ഉറപ്പാക്കേണ്ടതാണ്.

4) കെട്ടിട നിർമ്മാണം, ഭൂവികസനം - പെർമിറ്റ് അനുവദിക്കൽ

തൻവർഷം 1,02,075 രൂപ പെർമിറ്റ് ഫീസ് ആയി ഈടാക്കിയിട്ടുണ്ട്. റഗുലറൈസേഷൻ ഫീസ് ഇനത്തിൽ 94,521 രൂപ ലഭ്യമായിട്ടുണ്ട്.

എ) സർക്കാരിലേക്കുള്ള റിപ്പോർട്ട്, വിജിലൻസ് സംവിധാനം

കണ്ടുപിടിക്കപ്പെട്ട അനധികൃത നിർമ്മാണങ്ങളുടെ എണ്ണവും സ്വീകരിച്ച നടപടികളും തീർപ്പാക്കുവാൻ അവശേഷിക്കുന്ന ക്രമവത്ക്കരണത്തിനുള്ള അപേക്ഷകൾ മുതലായ വിവരങ്ങൾ അടങ്ങിയ ഒരു റിപ്പോർട്ട് ഓരോ മൂന്ന് മാസം കൂടുമ്പോഴും സെക്രട്ടറി സർക്കാരിലേക്ക് അയയ്ക്കേണ്ടതാണെന്ന് 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 104 ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അത്തരത്തിലുള്ള റിപ്പോർട്ട് കൃത്യമായി നൽകുന്നില്ല. ചട്ടം 105 പ്രകാരമുള്ള വിജിലൻസ് സംവിധാനവും കാര്യക്ഷമമല്ല.
ആവശ്യമായ പരിശോധന നടത്തി സർക്കാരിലേക്ക് റിപ്പോർട്ട് നൽകുവാനും പരിശോധനാ സംവിധാനം കാര്യക്ഷമമാക്കുവാനും നടപടികൾ ഉണ്ടാകേണ്ടതാണ്.

5) സ്വകാര്യ ആശുപത്രികൾ പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ

സ്വകാര്യ ആശുപത്രികൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഗ്രാമപഞ്ചായത്തിന്റെ രജിസ്ട്രേഷൻ ആവശ്യമാണ്. 11 സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്.
സ്വകാര്യ ആശുപത്രികൾ പാരാമെഡിക്കൽ വിഭാഗത്തിൽ ഒരു സ്ഥാപനം പുതിയ രജിസ്ട്രേഷൻ എടുക്കുകയും 7 എണ്ണം രജിസ്ട്രേഷൻ പുതുക്കുകയും ചെയ്തിട്ടുണ്ട്. ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ ഒരു സ്ഥാപനം പുതിയ രജിസ്ട്രേഷൻ എടുക്കുകയും 2 എണ്ണം രജിസ്ട്രേഷൻ പുതുക്കുകയും ചെയ്തിട്ടുണ്ട്. ഈ ഇനത്തിൽ 900 രൂപ വരവുണ്ട്.

6) മറ്റ് വരവുകൾ
എ) ഗ്രാമപഞ്ചായത്തിന്റെ ആമ്പുലൻസിന്റെ പ്രവർത്തനം

ഗ്രാമപഞ്ചായത്തിന് എം.എൽ.എ അനുവദിച്ച് നൽകിയ ആംബുലൻസിന്റെ വരവ് ചെലവുകൾ, പരിപാലനം എന്നിവ കാര്യക്ഷമമാണോ എന്ന് പരിശോധിച്ചതിൽ ആംബുലൻസിന്റെ പരിപാലനം തൃപ്തികരമല്ലെന്ന് കണ്ടെത്തി.

(പ്രത്യേക ഖണ്ഡിക ഉൾപ്പെടുത്തിയിട്ടുണ്ട്)

ബി) ലേലം

ഫിഷ് മാർക്കറ്റ് ഗ്രൗണ്ട്

ഗ്രാമപഞ്ചായത്തിലെ ഫിഷ് മാർക്കറ്റ് ഗ്രൗണ്ട് ലേലം ചെയ്തതിൽ നിന്നും 4,33,350 രൂപ വരവുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്നും ലേല തുകയിനത്തിൽ തൻവർഷം 6,50,000 രൂപയും മുൻവർഷം 6,86,370 രൂപയും കുടിശ്ശികയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്

സി) മിസലേനിയസ്

കാലഹരണപ്പെട്ട ആസ്തികൾ വില്പന നടത്തിയതിൽ 3,300 രൂപ ലഭ്യമായിട്ടുണ്ട്.

കുളങ്ങൾ, പുറമ്പോക്കുകൾ, ബങ്ക്, സ്റ്റാളുകൾ, ഫലവൃക്ഷങ്ങൾ, കംഫർട്ട് സ്റ്റേഷനുകൾ, യന്ത്രോപകരണങ്ങൾ മുതലായവയിൽ നിന്നും വരവൊന്നുമില്ല.
നികുതിയേതര വരവ് വർദ്ധിപ്പിക്കുന്നതിനുള്ള ഇടപെടൽ ഉണ്ടാകേണ്ടതാണ്.
മേൽ പരാമർശങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ അഭിപ്രായം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 15/04.10.2023 നുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല.

1-16 വാടക പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

താഴെ പറയുന്ന കെട്ടിടങ്ങളിൽ നിന്നാണ് ഗ്രാമപഞ്ചായത്തിന് വാടകയിനത്തിൽ വരുമാനം ലഭിക്കുന്നത്.

1) ഷോപ്പിംഗ് കോംപ്ലക്സ് കടമുറികൾ - 15

2) കമ്മ്യൂണിറ്റി ഹാൾ - 1

3) പഞ്ചായത്ത് ബസ് വെയിറ്റിങ് ഷെഡ്ഡ് - 3

4) ഫിഷ് മാർക്കറ്റ് - 8

5) ഫിഷ് മാർക്കറ്റ് ഗ്രൗണ്ട്

എ) വാടക പിരിവിനായുള്ള ബൈലോ

വാടകയ്ക്ക് നൽകുന്ന കടമുറികളുടെ പരിപാലനം കാര്യക്ഷമമാക്കുന്നതിനായി ബൈലോ തയ്യാറാക്കിയതായി കാണുന്നില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ വകുപ്പ് 256, 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങൾ ചട്ടം 3 (5,6,7) പ്രകാരമുള്ള ബൈലോ തയ്യാറാക്കി സർക്കാരിന്റെയോ സർക്കാരിനാൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെയോ അംഗീകാരം ലഭ്യമാക്കേണ്ടതാണ്. സർക്കാർ അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്.

ബി) കരാറിൽ ഏർപ്പെടാതെ കടമുറികൾ വാടകകയ്ക്ക് നൽകി

ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളും ഫിഷ് മാർക്കറ്റിലെ മുറികളും വാടകയ്ക്ക് നൽകിയ വ്യക്തികളിൽ നിന്നും സ്റ്റാമ്പ് പേപ്പർ വാങ്ങി വ്യവസ്ഥകൾ ഒന്നും ചേർക്കാതെയാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. നിയമാനുസൃതമായ കരാർ ചമക്കാതിരുന്നാൽ നിയമപ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ഗ്രാമപഞ്ചായത്തിനെ പ്രതികൂലമായി ബാധിക്കുവാൻ സാധ്യതയുണ്ട്.

സി) ഷോപ്പിംഗ് കോംപ്ലക്സ് കടമുറികൾ, പഞ്ചായത്ത് ബസ് വെയ്റ്റിങ് ഷെഡ്ഡ്, ഫിഷ് മാർക്കറ്റ്

വാടക രജിസ്റ്റർ പ്രകാരം ഷോപ്പിംഗ് കോംപ്ലക്സ്, പഞ്ചായത്ത് ബസ് വെയ്റ്റിങ് ഷെഡ്ഡ്, ഫിഷ് മാർക്കറ്റ് എന്നിവയിൽ വാടകയ്ക്ക് നൽകിയിട്ടുള്ള കടമുറികളുടെ എണ്ണം 26 ആണ്. വാർഷിക ധനകാര്യ പത്രിക പ്രകാരം തൻവർഷത്തെ വരവ് 6,66,775രൂപയും കുടിശ്ശിക വരവ് 2,00,451 രൂപയും വാടകയിനത്തിലെ ആകെ വരവ് 8,67,226 രൂപയുമാണ്. B15 ഷെഡ്യൂൾ പ്രകാരം കൈവശക്കാർ കുടിശ്ശിക വരുത്തിയ തുക 1,59,617 രൂപയാണ്.

ഡി) ഫിഷ് മാർക്കറ്റ് ഗ്രൗണ്ട്

ഫിഷ് മാർക്കറ്റ് ഗ്രൗണ്ടിൽ നിന്നും 4,33,350 രൂപ വരവുണ്ട്. B15 ഷെഡ്യൂൾ പ്രകാരം തൻവർഷത്തെ കുടിശ്ശിക തുക 6,50,000 രൂപയും മുൻവർഷത്തെ കുടിശ്ശിക തുക 6,86,370 രൂപയുമാണ്.

ഓഡിറ്റ് നിർദേശങ്ങൾ

- ബൈലോ രൂപീകരിക്കുന്നതിനുള്ള തുടർനടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.
- കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- എഗ്രിമെന്റ് വ്യവസ്ഥകൾ കൃത്യമാക്കി ഒപ്പു വയ്ക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
- ആസ്തികളിൽ നിന്നുള്ള വരുമാന സാധ്യത വർദ്ധിപ്പിക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.
  വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 10/03.10.2023 നുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-17 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ

ലൈസൻസ് പരിശോധനയിലെ കണ്ടെത്തലുകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു. ഓഡിറ്റ് അന്വേഷണം നം. 16/04.10.2023 നുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-17-1 ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ പൂർണ്ണമായ വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല

2022-23 വർഷത്തിൽ 251 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയറിലെ കണക്കുകൾ പ്രകാരം വാണിജ്യം, വ്യവസായം എന്നീ ഉപയോഗക്രമങ്ങളിലായി 13 വാർഡുകളിലായി 1413 കെട്ടിടങ്ങളാണ് നിലവിലുള്ളത്. വസ്തു നികുതി അടവാക്കിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കാത്തതിനാൽ ഡിമാന്റ് പൂർണ്ണമാണോ എന്നതിന്റെയും ഗ്രാമപഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നതിന്റെയും കൃത്യത പരിശോധിക്കാൻ

കഴിഞ്ഞിട്ടില്ല. സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് കമ്പ്യൂട്ടറൈസ് ചെയ്ത് പുതിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ച് കാലികമാക്കേണ്ടതും ഗ്രാമപഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി ലൈസൻസ് പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങളുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17-2 അപേക്ഷകളിലെ സാക്ഷ്യപ്പെടുത്തലുകൾ അപൂർണ്ണം

2022-23 വർഷത്തിൽ ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമാണോ എന്ന് വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചു. ഹാജരാക്കിയ അപേക്ഷകൾ പരിശോധിച്ചതിൽ ഇനി പറയും പ്രകാരമുള്ള അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

മിക്ക അപേക്ഷകളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം, മൂലധനം, മാലിന്യങ്ങൾ നീക്കം ചെയ്യാൻ സംവിധാനം ഒരുക്കിയതിന്റെ വിവരങ്ങൾ, മോട്ടോറുകളുടെ കുതിരശക്തി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഇവ രേഖപ്പെടുത്താത്ത അപേക്ഷകളിൽ ലൈസൻസ് ഫീസ് നിർണയിച്ച് ഈടാക്കിയത് ക്രമപ്രകാരമല്ല. അപേക്ഷകളിൽ രേഖപ്പെടുത്തുന്ന മൂലധന നിക്ഷേപത്തിന്റെ ആധികാരികത പരിശോധിക്കപ്പെടുന്നില്ല. ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ലൈസൻസ് ലഭിക്കുന്നതിനായുള്ള പല അപേക്ഷകളിലും സെക്ഷൻ ക്ലർക്കിന്റെ അന്വേഷണ റിപ്പോർട്ടും മേലുദ്യോഗസ്ഥന്റെ ശിപാർശയും സെക്രട്ടറിയുടെ അംഗീകാരവും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല എന്ന പരിശോധനയിൽ ബോധ്യപ്പെട്ടു. അപേക്ഷകൾ സ്വീകരിക്കുന്ന സമയത്തുതന്നെ അവ പൂർണ്ണമാണോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തി മാത്രം തുടർ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-17-3 വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന മെഷീനറികൾ സ്ഥാപിക്കുന്നതിനും പുതുക്കുന്നതിനുമുള്ള ഫീസ് ഈടാക്കിയില്ല

1996 കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, (ചട്ടം 18) വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനും ഉപയോഗിക്കുന്നതിനും എല്ലാ സ്ഥാപനങ്ങളിൽ നിന്നും പട്ടിക lii പ്രകാരമുള്ള ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന മോട്ടോറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പട്ടിക പ്രകാരമുള്ള ഫീസ് പ്രത്യേകമായി ഈടാക്കിയിട്ടില്ലെന്ന് അപേക്ഷകളുടെ പരിശോധനയിൽ കണ്ടെത്തി.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഉപയോഗിക്കുന്ന കുതിരശക്തി(എച്ച്.പി) |
|---|---|---|
| 1 | അബു സോമിൽ | 46 |
| 2 | മുഹമ്മദ് മെദർഷാ ഫ്ലവർ മിൽ | 10 |
| 3 | അശോക ഇൻഡസ്ട്രീസ് | 41 |
| 4 | ഉച്ചി മാഹാളിയമ്മൻ ഹോളോബ്രിക്സ് | 10 |
| 5 | സ്റ്റാർ വാഹന പുക പരിശോധന കേന്ദ്രം | 8 |
| 6 | ശക്തി ഫെർട്ടിലൈസസ് | 20 |
| 7 | മാൻ ഫർണിച്ചർ | 15 |
| 8 | മേലേത്ത് ഹോളോ ബ്ലോക്ക് | 15 |
| 9 | അബ്ദുൽ റസാക്ക് സോമിൽ | 35 |

| | | |
|---|---|---|
| 10 | പ്രിൻസ് സോഫ്റ്റ് ഡ്രിങ്ക്സ് | 9 |
| 11 | പിലാത്തുർ സോമിൽ | 25 |
| 12 | സത്യഭാമ സോമിൽ | 36 |
| 13 | സജീഷ് ഫർണിച്ചർ | 10 |

മേൽ സൂചിപ്പിച്ചവ ഏതാനും ഉദാഹരണങ്ങൾ മാത്രമാണ്. വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനും ഉപയോഗിക്കുന്നതിനും എല്ലാ സ്ഥാപനങ്ങളിൽ നിന്നും പട്ടിക Iii പ്രകാരമുള്ള ഫീസ് ഈടാക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-18 കുടിവെള്ളവിതരണം - വെള്ളക്കരം കുടിശ്ശിക ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ അധീനതയിൽ മുൻവർഷങ്ങളിൽ ഉണ്ടായിരുന്ന കുടിവെള്ള പദ്ധതികളുടെ ഗുണഭോക്താക്കൾ വൻതുക കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിലും ആയത് ഈടാക്കുന്നതിനുള്ള നടപടികൾ തൃപ്തികരമല്ല. വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15 (Sundry Debtors-Receivables)-ൽ Receivables For Water Charges Arrears പ്രകാരം വാട്ടർ ചാർജ് ഇനത്തിൽ ഗുണഭോക്താക്കളിൽ നിന്നും ഈടാക്കാനായി അവശേഷിക്കുന്ന തുക ₹2820117 രൂപയാണ്.
വെള്ളക്കരം കുടിശ്ശിക ഈടാക്കുവാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 22/05.10.2023 നുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല.
കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-19 തെരുവുവിളക്കുകളുടെ പരിപാലനം കാര്യക്ഷമമല്ല

1994 കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 176(b) വകുപ്പ് പ്രകാരം പൊതു തെരുവുകളിൽ വിളക്കു വയ്ക്കുന്നതിന്റെ ചുമതല ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമാണ്. ഇതേ നിയമത്തിലെ ഒന്നാം പട്ടികയിലെ ക്രമ നം-15 പ്രകാരം തെരുവുവിളക്കുകൾ കത്തിക്കുകയും പരിപാലിക്കുകയും ചെയ്യുന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്.
പുതുനഗരം ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ പരിപാലനത്തിനായി നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി 12/23 -സ്ട്രീറ്റ് ലൈറ്റ് AMC എന്ന പ്രോജക്ടിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ഉപഖണ്ഡികളായി ചേർക്കുന്നു.

1-19-1 തെരുവുവിളക്കുകളുടെ കൃത്യമായ കണക്ക് ഇല്ലാതെ മെയ്ന്റനൻസ് നടത്തുന്നു

തെരുവു വിളക്കുകളുടെ റിപ്പയറിനായി തൻവർഷം നടപ്പാക്കിയ പ്രോജക്ടിന്റെ വിവരം താഴെ ചേർക്കുന്നു.
1. പ്രോജക്ട് നം. 12/23 -സ്ട്രീറ്റ് ലൈറ്റ് AMC
നിർവഹണം -സെക്രട്ടറി
അടങ്കൽ- 80,0000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ് -₹.799273
1)XVFC/2022-23/P/55, 21-3-23- ₹. 393767
(Deductions: GST-7876+ IT- 3938+ KBOCWW-3938+ Supervision Charge-12911)
2)XVFC/2022-23/P/56, 21-3-23- ₹.405506
(Deductions: GST-8110 + IT- 4055+ KBOCWW-4055 + Supervision Charge-13295)
കരാറുകാരൻ – ശ്രീ.പി.വിജയകൃഷ്ണൻ
എഗ്രിമെന്റ് നം - 61/18-1-23, MB No-1/2022-23
ടെണ്ടർ ക്ഷണിച്ച് തെരുവു വിളക്കുകളുടെ വാർഷിക അറ്റകുറ്റപണി നടത്തുന്നതിനായി ആവിഷ്കരിച്ച പ്രോജക്ട് പ്രകാരം റിപ്പയർ ചെയ്ത തെരുവു വിളക്കുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ | തെരുവുവിളക്കിന്റെ തരം | എണ്ണം | ആകെ |
|---|---|---|---|

| നം. | | Ward 1-7 | Ward 8-13 | |
|---|---|---|---|---|
| 1 | 24 W LED Set | 74 | 65 | 139 |
| 2 | 70 W LED | 20 | 6 | 26 |
| 3 | 15 W LED Bulb | 246 | 414 | 660 |

രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

എ) തെരുവ് വിളക്കുകളുടെ കണക്ക് കാലികമാക്കിയിട്ടില്ല

മുൻവർഷങ്ങളിൽ സ്ഥാപിക്കപ്പെട്ടതും വാറണ്ടി നിലവിലുള്ളതുമായ ലാമ്പുകൾ ഒഴിവാക്കിയാണ് വാർഷിക അറ്റകുറ്റപ്പണിക്കായുള്ള പദ്ധതി രൂപീകരിക്കേണ്ടത്. വാറണ്ടി നിലവിലുള്ള ലാമ്പുകൾ ഒഴിവാക്കിയാണോ മെയിന്റനൻസ് നടത്തിയത് എന്ന് വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം, തരം, എ.എം.സി നിലവിലുള്ള ലാമ്പുകളുടെ എണ്ണം എന്നിവയുടെ കൃത്യമായ കണക്ക് സൂക്ഷിച്ചിട്ടില്ല. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്ററിൽ 2019-20 വരെയുള്ള രേഖപ്പെടുത്തലുകൾ മാത്രമാണുള്ളത്.

രജിസ്റ്റർ പ്രകാരം തെരുവുവിളക്കുകളുടെ കണക്ക് താഴെ ചേർക്കുന്നു.

| ക്രമ നം. | തെരുവുവിളക്കിന്റെ തരം | എണ്ണം |
|---|---|---|
| 1 | 70 W LED | 44 |
| 2 | 25 W LED | 192 |
| 3 | 2*40 W Double Tube | 356 |
| 4 | CFL | 200 |
| 5 | 9 W LED | 348 |

ഓരോ പോസ്റ്റിലേയും തെരുവ് വിളക്കിന്റെ തരം രജിസ്റ്ററിൽ ചേർത്ത് കാലികമാക്കിയിട്ടില്ല. കാലഹരണപ്പെട്ട CFL, ട്യൂബ് എന്നിവ ഒഴിവാക്കി പുതുക്കിയ കണക്ക് ചേർത്തിട്ടുമില്ല.

ഇക്കാര്യങ്ങളെക്കുറിച്ചുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം. 17/4-10-2023) മറുപടി ലഭിച്ചിട്ടില്ല.

1-19-2 ബിൽ തയ്യാറാക്കിയതിൽ അപാകം-തെറ്റായി തുക കുറവു ചെയ്തു

പ്രോജക്റ്റ് നം. 12/23 -സ്ട്രീറ്റ് ലൈറ്റ് AMC
നിർവഹണം -സെക്രട്ടറി
അടങ്കൽ- 80,0000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ് -₹.799273
1)XVFC/2022-23/P/55, 21-3-23- ₹. 393767
(Deductions: GST-7876+ IT- 3938+ KBOCWW-3938+ Supervision Charge-12911)
2)XVFC/2022-23/P/56, 21-3-23- ₹.405506
(Deductions: GST-8110 + IT- 4055+ KBOCWW-4055 + Supervision Charge-13295)
കരാറുകാരൻ – ശ്രീ.പി.വിജയകൃഷ്ണൻ
എഗ്രിമെന്റ് നം - 61/18-1-23, MB No-1/2022-23
A)തൊഴിലാളി ക്ഷേമനിധി ഈടാക്കി

ബില്ലിൽ നിന്നും കുറവു ചെയ്ത 7993 രൂപ കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് ഒടുക്കിയിട്ടുണ്ട്. തെരുവ് വിളക്കുകളുടെ റിപ്പയർ എന്നത് Kerala Construction Workers' Welfare Fund Act, 1989 ലെ സെക്ഷൻ 2(c) പ്രകാരമുള്ള നിർമ്മാണ പ്രവൃത്തി (Construction Work) എന്ന നിർവചനത്തിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ തൊഴിലാളി ക്ഷേമനിധി ഈടാക്കി ഒടുക്കിയത് തെറ്റായ നടപടിയാണ്.

B) ജി.എസ്.ടി ടി.ഡി.എസ് തെറ്റായി കുറവു ചെയ്തു

സി.ജി.എസ്.ടി/കെ.ജി.എസ്.ടി ആക്റ്റ്, 2017 ലെ സെക്ഷൻ 51(1) പ്രകാരം ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് ടി.ഡി.എസ് നടത്തേണ്ടിയിരുന്നത്. ജി.എസ്.ടി ഉൾപ്പെടാത്ത ആകെ തുക 655141 രൂപയാണ്. ടി.ഡി.എസ് ആയി ഈടാക്കേണ്ടിയിരുന്നത് 13103 രൂപയാണ്. എന്നാൽ 15986 രൂപ ടി.ഡി.എസ് ആയി ഈടാക്കിയിട്ടുണ്ട്. ആയത് ക്രമപ്രകാരമല്ല.

ഇക്കാര്യങ്ങളെക്കുറിച്ചുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം. 17/4-10-2023) മറുപടി ലഭിച്ചില്ല.

ഓഡിറ്റ് നിർദേശം

കെ.എസ്.ഇ.ബി അധികൃതരുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവു വിളക്കുകളുടെ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. തെരുവു വിളക്കുകളുടെ എണ്ണം കണക്കിലെടുത്തു മാത്രം പരിപാലനത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.
വിവിധ പ്രവൃത്തികൾക്കായി തുക അനുവദിക്കുമ്പോൾ നിയമാനുസൃത നിരക്കിൽ മാത്രം ബില്ലിൽ നിന്നും തുകകൾ കുറവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഇക്കാര്യങ്ങളെക്കുറിച്ചുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം. 17/4-10-2023) മറുപടി ലഭിച്ചില്ല.

1-20 ആംബുലൻസ് പരിപാലനം-വരവിനേക്കാളധികം ചെലവ്

2022-23 വർഷത്തിൽ എം.എൽ.എ ഫണ്ടിൽ നിന്നും അനുവദിച്ച തുക ഉപയോഗിച്ച് ആംബുലൻസ് വാങ്ങിയിട്ടുണ്ട്. ആംബുലൻസിന്റെ വരവ് ചെലവ് രേഖകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ തുടർഖണ്ഡികയായി ചേർക്കുന്നു.

1-20-1 ഗ്രാമപഞ്ചായത്തിന് ബാധ്യതയാവാത്ത രീതിയിൽ ആംബുലൻസിന്റെ പരിപാലനം ഉറപ്പാക്കേണ്ടതാണ്

പാലക്കാട് ജില്ലാ കളക്ടറുടെ 4-4-2022 ലെ ആർ.ഡി.6/311/2022 നമ്പർ നടപടിക്രമം പ്രകാരം ആംബുലൻസ് വാങ്ങുന്നതിന് എം.എൽ.എ ഫണ്ടിൽ നിന്നും അനുവദിച്ച 17 ലക്ഷം രൂപ ഉപയോഗിച്ച് 2022-23 വർഷത്തിൽ ഒരു ആംബുലൻസ് GeM മുഖേന വാങ്ങിയിട്ടുണ്ട്. തുക അനുവദിച്ചു കൊണ്ടുള്ള ജില്ലാ കളക്ടറുടെ നടപടിക്രമത്തിൽ വാഹനത്തിനു വേണ്ടി വരുന്ന ആവർത്തന ചെലവ് ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും നിർവഹിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.
Bill No. 11/12-9-2022- 17,00,000 രൂപ (GeM )

ആംബുലൻസിന്റെ പരിപാലനം

ആംബുലൻസിന്റെ പരിപാലനത്തിനും തുടർനടത്തിപ്പിനുമായി തനത് ഫണ്ടിൽ നിന്നും ആവിഷ്കരിച്ച പ്രോജക്ടിന്റെ വിവരം താഴെ ചേർക്കുന്നു.

പ്രോജക്ട്- 155/23-ആംബുലൻസ് മെയിന്റനൻസ്, ഇന്ധനചലവ്, ഡ്രൈവറുടെ വേതനം

നിർവഹണം - സെക്രട്ടറി

അടങ്കൽ- 250000 (തനത് ഫണ്ട്)

ചെലവ് -164850 (ഡീസൽ ചാർജസ്- ₹ 39531, ഡ്രൈവറുടെ വേതനം- ₹.125319/-)

മേൽ ചെലവ് കൂടാതെ തനത് ഫണ്ടിൽ നിന്നും നേരിട്ട് ചെലവഴിച്ച തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ/തിയതി | തുക (രൂപ) | ചെലവിനം |
|---|---|---|---|
| 1 | 22200159/ 3-6-22 | 18349 | ആംബുലൻസ് ഇൻഷുറസ് തുക |
| 2 | 22200214/ 23-6-22 | 6651 | രജിസ്ട്രേഷൻ ചാർജ്ജസ് |
| 3 | 22200215/ 29-6-22 | 1000 | ആംബുലൻസ് ഡ്രൈവർ ഇന്റർവ്യൂ നടത്തിയ MVD ഉദ്യോഗസ്ഥന്റെ ഫീ |
| 4 | 22200262/ 14-7-22 | 62300 | ആംബുലൻസിൽ സ്ട്രെച്ചർ, ഓക്സിജൻ സിലിണ്ടർ മുതലായവ ഫിറ്റ് ചെയ്തത് |
| 5 | 22200345/ 12-8-22 | 1100 | ആംബുലൻസ് ഡ്രൈവർക്കുള്ള മൊബൈൽ ഫോൺ വാങ്ങിയത്. |
| 6 | 22200349/ 16-8-22 | 5904 | സർവീസ് ചാർജ് |
| | ആകെ | 95304 | |

പ്രതിമാസം 19710 രൂപ നിരക്കിൽ സെപ്റ്റംബർ 2022 മുതൽ മാർച്ച് 2023 വരെ ഡ്രൈവർമാർക്കുള്ള വേതനം- 137970 രൂപയിൽ പ്രോജക്ട് പ്രകാരം 125319 രൂപ ചെലവഴിക്കുകയും ബാക്കി തുക 12651 രൂപ തനത് ഫണ്ടിൽ നിന്നും നല്കുകയും ചെയ്തിട്ടുണ്ട്. ആംബുലൻസിനുവേണ്ടി തൻവർഷം ആകെ 272805 രൂപ ചെലവഴിച്ചിട്ടുണ്ട്.

2022 ഡിസംബർ മുതൽ മാസത്തിലെ 15 ദിവസത്തേക്ക് ഒരു ഡ്രൈവർ, ശേഷിക്കുന്ന 15 ദിവസത്തേക്ക് മറ്റൊരു ഡ്രൈവർ എന്ന രീതിയിലാണ് ആംബുലൻസ് ഓടിയിട്ടുള്ളത്. വാഹനം ഓടിക്കുന്നതിനായി രണ്ട് ഡ്രൈവർമാരെ നിയമിച്ചിട്ടുള്ളതിനാൽ മാസവേതനത്തിന്റെ പകുതി വീതമാണ് (9855 രൂപ) ഓരോരുത്തർക്കും നല്കിയിട്ടുണ്ട്. ഇക്കാര്യങ്ങളെക്കുറിച്ച് എൻക്വയറി നം. 11/3-10-23 നല്കിയതിന് മറുപടി ലഭിച്ചില്ല.

ഓഡിറ്റ് നിർദേശങ്ങൾ

- ഗ്രാമപഞ്ചായത്തിന് ബാധ്യത വരാത്ത രീതിയിൽ ആംബുലൻസിന്റെ പരിപാലനം ഉറപ്പാക്കേണ്ടതാണ്.
- വാഹനത്തിന്റെ സേവനം നിലവിൽ പൊതുജനങ്ങൾക്ക് ഉപയോഗപ്രദമല്ലാത്ത സാഹചര്യത്തിൽ വാഹനം എച്ച്.എം.സിയ്ക്ക് കൈമാറുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.
- ഒരു വാഹനത്തിന് രണ്ട് ഡ്രൈവർമാരെ നിയമിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

തുടർനടപടികൾ അറിയിക്കേണ്ടതാണ്.

1-20-2 ആംബുലൻസിന്റെ വാടക- പിരിച്ച തുക പൂർണമായി ഒടുക്കിയിട്ടില്ല

തൻവർഷം 31890 രൂപയാണ് ആംബുലൻസ് ഓടിയ വകയിലുള്ള ആകെ വരവ്. വരവിന്റെ കൃത്യത ഉറപ്പാക്കുന്നതിനായി രശീതി ബുക്ക്, കളക്ഷൻ അടവാക്കിയതിന്റെ ലെഡ്ജർ, ലോഗ് ബുക്ക് എന്നിവ പരിശോധിച്ചതിൽ നിന്നും വാടക വരവ് കൃത്യമായി ഒടുക്കിയിട്ടില്ല എന്ന് വ്യക്തമായി.

2022 ഓഗസ്റ്റ് 1 മുതൽക്കാണ് ആംബുലൻസ് ഓടിത്തുടങ്ങിയത്. 1-8-2022 മുതൽ 31-3-23 വരെയുള്ള കാലയളവിൽ ട്രിപ്പുകൾക്കായി 31890 രൂപയാണ് വാർഷിക കണക്ക് പ്രകാരമുള്ള വരവ്. വാടക പിരിക്കുന്നതിനായി പ്രത്യേകം രശീതി ബുക്ക് അച്ചടിച്ച് രണ്ട് ഡ്രൈവർമാർക്കും ഓരോ ബുക്ക് വീതം നല്കിയിട്ടുണ്ട്. ബുക്ക് നം.-1 ശ്രീ. ജയപ്രകാശിന് 27-8-2022 നും, ബുക്ക് നം.-2 ശ്രീ.സമീറിന് 16-12-2022-നും ഇഷ്യൂ ചെയ്തിട്ടുണ്ട്. ടി ബുക്കുകളിലൂടെ ലഭിച്ച രശീതി വരവിൽ 10700 രൂപ അടവാക്കിയിട്ടില്ല എന്ന് കണ്ടെത്തി. (ഖണ്ഡിക 2-1 ൽ വിശദാംശങ്ങൾ ചേർത്തിട്ടുണ്ട്)

ലോഗ്ബുക്ക് 9/2022 വരെയാണ് മേലധികാരികൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. 28-5-2023 നശേഷം ലോഗ്ബുക്കിൽ രേഖപ്പെടുത്തലുകൾ ഇല്ല. വാഹനം ഗ്രാമപഞ്ചായത്ത് കോമ്പൗണ്ടിലെ ഷെഡിൽ സൂക്ഷിച്ചിട്ടുള്ളതായും പൊതുജനസേവനത്തിനായി പ്രയോജനപ്പെടുത്തുന്നില്ലെന്നും നേരിൽ കണ്ട് ബോധ്യപ്പെട്ടിട്ടുണ്ട്.

വാഹനത്തിന്റെ വാടക നിരക്ക് നിശ്ചയിച്ചതിന്റെ ഭരണസമിതി തീരുമാനം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ഡ്രൈവർമാർക്ക് നല്കിയ രശീതി ബുക്ക് മുഖേന എത്ര തുക പിരിച്ചു, എത്ര തുക അടവാക്കി എന്നീ കാര്യങ്ങൾ യഥാസമയം മേലധികാരികൾ പരിശോധനാവിധേയമാക്കിയിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

പിരിച്ചെടുത്ത തുക അടവാക്കാത്തതിന്റെ കാരണം അറിയിക്കാൻ ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമായില്ല.
അടവാക്കാത്ത തുക നഷ്ടമായതായി കണക്കാക്കി മേൽനോട്ടച്ചുമതലയിൽ വീഴ്ച വരുത്തിയ ഉത്തരവാദിയായ സെക്രട്ടറിമാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.
എൻക്വയറി നം. 11/3-10-23 ന് മറുപടി ലഭ്യമായില്ല.

1-21 ഗ്രാമപഞ്ചായത്തിലെ ഹരിതകർമസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്

സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിതകർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/2020/തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. പുതുനഗരം ഗ്രാമ പഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം 2019 ഡിസംബർ മുതൽക്കാണ് ആരംഭിച്ചിട്ടുള്ളത്. വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് ഹരിതകർമ്മസേനയിൽ പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്. പുതുനഗരം ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിരീക്ഷണങ്ങളും താഴെ ചേർക്കുന്നു.

ബൈലോ

ജി.ഒ(ആർ.ടി)നം.18/2021/തസ്വഭവ തിയതി 04-01-2021 പ്രകാരം തദ്ദേശ സ്ഥാപന തലത്തിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപനിയമാവലി 10-8-2022ലെ 3(1)-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വീടുകൾക്ക് 50 രൂപയും കടകൾക്ക് 100 രൂപയുമാണ് യൂസർ ഫീ നിശ്ചയിച്ചിട്ടുള്ളത്.

ഹരിതകർമ്മസേന

13 വാർഡുകളിലായി 25 ഹരിതകർമ്മസേനാംഗങ്ങളാണ് നിലവിലുള്ളത്.

യൂസർ ഫീ പിരിവ്

പുതുനഗരം ഗ്രാമപഞ്ചായത്തിൽ 5000 വീടുകളും 862 കടകളും ഉള്ളതായി ഹരിതകർമ്മസേനാംഗങ്ങൾ അറിയിച്ചിട്ടുണ്ട്. എല്ലാ വീടുകളിൽ നിന്നും കടകളിൽ നിന്നും യൂസർ ഫീ ലഭ്യമാകാത്ത സ്ഥിതിയുണ്ടെന്നും അറിയിച്ചിട്ടുണ്ട്. 30% വീടുകളും കടകളും മാത്രമാണ് പ്ലാസ്റ്റിക്ക് മാലിന്യം ഹരിതകർമസേനയ്ക്ക് കൈമാറുകയും യൂസർഫീ നൽകുകയും ചെയ്യുന്നത്. ശരാശരി 100000 രൂപ മാത്രമാണ് യൂസർഫീ ഇനത്തിൽ പ്രതിമാസം ലഭ്യമാകുന്നത്. കളക്ഷൻ കുറവായതിനാൽ ശരാശരി പ്രതിദിനം 200 രൂപയിൽ താഴെ മാത്രമേ അംഗങ്ങൾക്ക് പ്രതിഫലം ലഭ്യമാകുന്നുള്ളൂ.

യൂസർ ഫീ ഒടുക്കുന്നതിൽ പല വീട്ടുകാരും കച്ചവട സ്ഥാപനങ്ങളും വിമുഖത കാണിക്കുന്നുണ്ടെന്ന് ഹരിത കർമ്മസേനാംഗങ്ങൾ അറിയിച്ചിട്ടുണ്ട്. മൂന്ന് തവണയിൽ കൂടുതൽ യൂസർ ഫീ ഒടുക്കാത്തവരുടെ വിവരം ഹരിതകർമ്മസേന ഗ്രാമപഞ്ചായത്തിനെ രേഖാമൂലം അറിയിക്കേണ്ടതാണെന്നും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണെന്നും ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. സ.ഉ.(സാധാ)നം.41/2023/LSGD തിയതി 06-01-2023 പ്രകാരം യൂസർ ഫീ കാർഡ് മറ്റ് സേവനങ്ങൾക്കുള്ള അനിവാര്യ രേഖയായി പരിഗണിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എം.സി.എഫ്. നിർമ്മാണം പൂർത്തീകരിച്ചില്ല

ഗ്രാമപഞ്ചായത്തിൽ എം.സി.എഫ് നാളിതുവരെ സജ്ജീകരിച്ചിട്ടില്ല. 2022-23 വർഷത്തിൽ എം.സി.എഫ് നിർമാണത്തിനായി 407261 രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ഹരിതകർമസേന ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യം ചാക്കുകളിലാക്കി ഗ്രാമപഞ്ചായത്ത് കോമ്പൗണ്ടിനകത്താണ് സൂക്ഷിച്ചു വരുന്നത്. മതിയായ സൗകര്യങ്ങൾ ഉറപ്പാക്കാതെയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നതെന്ന് നേരിട്ടുള്ള പരിശോധനയിൽ ബോധ്യപ്പെട്ടു. ആയതിനാൽ പ്ലാസ്റ്റിക് മാലിന്യ പരിപാലനം കാര്യക്ഷമമായി നടക്കുന്നില്ല.

മിനി എം.സി.എഫുകൾ സ്ഥാപിച്ചില്ല

ഹരിതകർമ്മസേന ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ സൂക്ഷിക്കുന്നതിനായി വാർഡ് തലത്തിൽ മിനി എം സി എഫ് സ്ഥാപിക്കണമെന്ന നിർദേശം നാളിതുവരെ നടപ്പാക്കിയിട്ടില്ല. MGNREGS മുഖേന മിനി എം സി എഫ് സ്ഥാപിക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചെങ്കിലും തൻവർഷം ഇവ നിർമ്മിച്ചിട്ടില്ല.

വാഹന സൗകര്യം

ഓരോ വാർഡിലേയും പ്ളാസ്റ്റിക്ക് മാലിന്യം ശേഖരിച്ച് കൊണ്ടു പോകുന്നതിനായി ഹരിതകർമ്മസേനയ്ക്ക് വാഹനം ലഭ്യമാക്കിയിട്ടില്ല. നിലവിൽ വാഹനം വാടകയ്ക്കെടുത്താണ് സംഭരണ സ്ഥലത്തേക്ക് കൊണ്ടുപോകുന്നത്.

ശേഖരിക്കുന്ന പ്ലാസ്റ്റിക്കിന്റെ വിപണനം

ഓഡിറ്റ് വർഷത്തിൽ ക്ലീൻ കേരള കമ്പനിക്ക് പ്ലാസ്റ്റിക്ക് മാലിന്യം നൽകിയ വകയിൽ 51014 രൂപ ഹരിതകർമ്മസേനയ്ക്ക് ലഭിച്ചിട്ടുണ്ട്. ക്ലീൻ കേരള കമ്പനിക്ക് തന്നെയാണ് ലെഗസി വേസ്റ്റും നല്കിയിരിക്കുന്നത്. തൻവർഷം വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച പ്രോജക്ട് (നം.47/23) പ്രകാരം CFC ഗ്രാന്റിൽ നിന്നും 48613 രൂപ ലെഗസി വേസ്റ്റ് കൊണ്ടു പോകുന്നതിനായി ചെലവഴിച്ചിട്ടുണ്ട്.

സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം

2022-23 ൽ ഗ്രാമപഞ്ചായത്തിൽ സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിംസ്റ്റം നടപ്പാക്കുന്നതിനുള്ള പ്രോജക്ട് രൂപീകരിച്ചിട്ടുണ്ടെങ്കിലും തൻവർഷം ആയത് നടപ്പായിട്ടില്ല.

അക്കൗണ്ടിലെ നീക്കിയിരിപ്പ്

31-3-2023 ൽ ഹരിതകർമ്മസേനയുടെ അക്കൗണ്ടിൽ(കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ട് നം 40298101O9024) ₹12936 നീക്കിയിരിപ്പുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- എം.സി.എഫ് നിർമാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.
- മിനി എം.സി.എഫുകൾ എല്ലാ വാർഡുകളിലും സ്ഥാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.
- യൂസർ ഫീ പിരിവ് കാര്യക്ഷമമാക്കുന്നതിനായി ഭരണസമിതിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.
- സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിംസ്റ്റം നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
- പ്ലാസ്റ്റിക്ക് മാലിന്യങ്ങളും ലെഗസി മാലിന്യങ്ങളും നീക്കം ചെയ്യുന്നത് കാര്യക്ഷമമാക്കേണ്ടതാണ്.
- ഹരിതകർമ്മസേനയ്ക്ക് വാഹനം ലഭ്യമാക്കുന്നത് പരിശോധിക്കേണ്ടതാണ്.

ഇക്കാര്യങ്ങളെക്കുറിച്ച് എൻക്വയറി നം. 12/4-10-2023 നല്കിയതിന് മറുപടി ലഭ്യമായില്ല.
ഈ വിഷയത്തിൽ തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-22 എ.ബി.സി പ്രോജക്ടിനായി നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ജില്ലാ പഞ്ചായത്തിന്റേയും മൃഗസംരക്ഷണ വകുപ്പിന്റേയും നേതൃത്വത്തിൽ നടപ്പാക്കുന്ന എ.ബി.സി പദ്ധതിക്കായി 2022-23 വർഷത്തിൽ പുതുനഗരം ഗ്രാമപഞ്ചായത്തിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്.

| പ്രോജക്ട് | ഫണ്ട് | അടങ്കൽ രൂപ | ചെലവ് രൂപ | സ്ഥാപനം |
|---|---|---|---|---|
| 105/23-എ ബി സി പദ്ധതിയ്ക്ക് വേണ്ടിയുള്ള ഗ്രാമപഞ്ചായത്ത് വിഹിതം | വികസന ഫണ്ട് -ജനറൽ | 350000 | 350000 ബിൽ നം. 17/28-11-22 | പാലക്കാട് ജില്ലാ പഞ്ചായത്ത് |

പ്രോജക്ടിനായി നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണമെന്നറിയിച്ച് എൻക്വയറി നം. 4/30-9-23 നല്കിയതിന് ഇക്കാര്യത്തിനായി ജില്ലാ പഞ്ചായത്തിലേക്ക് കത്ത് നല്കിയിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് എന്നും മറുപടി നല്കി.
ഗ്രാമപഞ്ചായത്ത് പ്രദേശത്ത് എ.ബി.സി പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 കാർഷിക മേഖലയിലെ പ്രോജക്ടുകളുടെ നിർവ്വഹണം - അവലോകനം

ഗ്രാമപഞ്ചായത്തിൽ തൻവർഷം കാർഷിക മേഖലയിൽ 3 പ്രോജക്ടുകളാണ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 110/23, സമഗ്ര നെൽകൃഷി വികസനം | 3622500 | 2987106 |
| 2 | 133/23, വനിതകൾക്ക് ഗ്രോബാഗ് വിതരണം ജനറൽ | 82500 | 82500 |
| 3 | 120/23, കൃഷിഭവൻ ഓഫീസ് കണ്ടിജൻസി ചെലവുകൾ | 50000 | 50000 |

പദ്ധതി ആസൂത്രണത്തിൽ നെൽകൃഷി, പച്ചക്കറി കൃഷി തുടങ്ങിയവയ്ക്കല്ലാതെ മറ്റ് കാർഷിക വിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും തരിശ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ പ്രാധാന്യം നൽകിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു.

പുതുനഗരം കൃഷിഭവനിലെ ബേസിക് ഡാറ്റ രജിസ്റ്ററിൽ രേഖപ്പെടുത്തിയ 22-02-2021 ലെ കണക്ക് പ്രകാരം ഗ്രാമപഞ്ചായത്തിലെ ആകെ കൃഷിഭൂമിയുടെ വിസ്തൃതി 283.5 ഹെക്ടർ ആണ്. ആയതിൽ 240 ഹെക്ടർ നെൽകൃഷി, 25 ഹെക്ടർ തെങ്ങ്, 7 ഹെക്ടർ മാവ്, 1.5 ഹെക്ടർ കുരുമുളക് എന്നിവയും ബാക്കി മറ്റ് വിളകളുമാണ്. ആകെ 7.8 ഹെക്ടർ തരിശ് ഭൂമി ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ പതിനാലാം പഞ്ചവത്സര പദ്ധതിയുടെ വികസന രേഖ, സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവ പ്രകാരം കൃഷിയോടുള്ള ആഭിമുഖ്യം നിലനിർത്തുന്ന തരത്തിൽ പരമാവധി ആനുകൂല്യങ്ങൾ കൃഷിക്കാർക്ക് നൽകുന്നതിനും കൃഷി വ്യാപിപ്പിക്കേണ്ടതിന്റെ അനിവാര്യതയെക്കുറിച്ച് ബോധവത്കരിച്ചുകൊണ്ട് ഉത്പാദനം വർദ്ധിപ്പിക്കുവാനും ലക്ഷ്യമിടുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ചുകൊണ്ട് തരിശായി കിടക്കുന്ന നെൽകൃഷി ഇടങ്ങൾ കൃഷിക്ക് സജ്ജമാക്കുന്നതിനും ജൈവപച്ചക്കറി കൃഷി, അടുക്കളത്തോട്ടം, ടെറസ്സ് കൃഷി എന്നിവ വ്യാപിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്.

കൃഷി, അനുബന്ധ മേഖലകളുടെ വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചതിൽ 10-01-22 ലെ യോഗത്തിൽ എല്ലാ വീടുകളിലും പച്ചക്കറി തൈകളും വിത്തുകളും എല്ലാ വർഷവും ലഭ്യമാക്കുക, നെൽവിത്ത് വിതരണം മുഴുവൻ നെൽകർഷകർക്കും അനുവദിക്കുക, സോളാർ പമ്പ് സബ്സിഡി നൽകുക, പട്ടുനൂൽകൃഷി വികസനത്തിന് പ്രോത്സാഹനം നൽകുക തുടങ്ങിയ നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്.

എന്നാൽ നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി നൽകുന്നതിനും ഗ്രോബാഗ് വിതരണത്തിനും മാത്രമാണ് തൻവർഷം പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്ത് തിരിച്ചറിഞ്ഞതും വർക്കിംഗ് ഗ്രൂപ്പിലെ നിർദ്ദേശങ്ങളും കണക്കിലെടുത്ത് കാർഷിക മേഖലയിലെ സമഗ്രമായ വികസനം ലക്ഷ്യമിട്ട് വിവിധ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുവാൻ ശ്രദ്ധിച്ചിട്ടില്ല. കൂടാതെ സ.ഉ(കൈ)നം.84/2022/LSGD തി. 19-04-22 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖ ഖണ്ഡിക 8.1(എ) യിൽ തരിശ് ഭൂമിയിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പ്രത്യേകം സൂചിപ്പിച്ചിട്ടും അത്തരത്തിലുള്ള പ്രോജക്ടുകളും ആവിഷ്കരിച്ചിട്ടില്ല.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.8/03-10-23) മറുപടിയിൽ കൂടുതൽ കർഷകരും നെൽകൃഷിയെ ആശ്രയിക്കുന്നതിനാലാണ് നെൽകൃഷിക്ക് കൂടുതൽ പ്രാധാന്യം നൽകി വരുന്നതെന്നും ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസരിച്ച് മാത്രമേ മറ്റ് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കാൻ കഴിയുകയുള്ളൂ എന്നും അറിയിച്ചിട്ടുണ്ട്. തരിശ് കൃഷിയ്ക്കായി ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ തൻവർഷം പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ട് എന്നും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഡിപ്പാർട്ട്മെന്റ് തലത്തിൽ തൈകളും വിത്തുകളും നൽകി വരുന്നുണ്ട് എന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- ജനങ്ങളിൽ കൃഷിയോടുള്ള ആഭിമുഖ്യം വളർത്തുന്നതിനും കാർഷിക മേഖലയിലെ വികസനത്തിനുമായി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് വിവിധയിനം പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് ശ്രമിക്കേണ്ടതാണ്.
- വർക്കിംഗ് ഗ്രൂപ്പിലെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും പരമാവധി ആനുകൂല്യങ്ങൾ കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.
- തരിശ് ഭൂമിയിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും, അതിനായി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

1-24 കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് | നം.170/23, കന്നുകുട്ടി പരിപാലന പദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ, ഫണ്ടിനം | ₹375000 (₹187500- വികസന ഫണ്ട് ജനറൽ, ₹187500- ഗുണഭോക്തൃ വിഹിതം) |
| ചെലവ് | ₹187500 - വികസന ഫണ്ട് ജനറൽ |
| ബിൽ നം./ തീയതി | 09/16-03-23 |

മേൽ പ്രോജക്ട് പ്രകാരം 15 ഗുണഭോക്താക്കളുടെ കന്നുകുട്ടികൾക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായി 187500 രൂപ (15x12500) Calf Feed Subsidy Programmeഅസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. അക്കൗണ്ട് നം.714021400000008.

കരിപ്പോട് ക്ഷീരോല്പാദക സഹകരണ സംഘം വഴിയാണ് കാലിത്തീറ്റ വിതരണം ചെയ്യുന്നത്. കാലിത്തീറ്റ വിതരണം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള വ്യക്തിഗത നാൾവഴി രജിസ്റ്റർ പരിശോധിച്ചതിൽ ഏപ്രിൽ 2023 മുതൽ കാലിത്തീറ്റ വിതരണം ആരംഭിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടു. 15 ഗുണഭോക്താക്കളിൽ പ്രേമ, വിരിഞ്ഞിപ്പാടം, പുതുനഗരം എന്ന ഗുണഭോക്താവ് ഏപ്രിൽ 2023 ന് മാത്രമാണ് കാലിത്തീറ്റ കൈപ്പറ്റിയിട്ടുള്ളത്. തുടർന്നുള്ള 5 മാസങ്ങളിലും കാലിത്തീറ്റ കൈപ്പറ്റിയിട്ടില്ല.

ഈ വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.06/30-09-23) മറുപടിയിൽ പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് Calf Feed Subsidy Programme അസിസ്റ്റന്റ് ഡയറക്ടറിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നും ഒരു മാസം മാത്രം കാലിത്തീറ്റ കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താവിന്റെ ബാക്കി സബ്സിഡി തുക ഈടാക്കുന്നതിനായി അസിസ്റ്റന്റ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

പ്രോജക്ട് പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും ഭാഗികമായി കാലിത്തീറ്റ കൈപ്പറ്റിയിട്ടുള്ള ഗുണഭോക്താവിന്റെ ബാക്കി സബ്സിഡി തുക തിരികെ ഈടാക്കേണ്ടതുമാണ്.
തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-25 ജി.എസ്.ടി ബാധകമല്ലാത്ത സേവനത്തിന് ജി.എസ്.ടി തുക അനുവദിച്ചു

പ്രോജക്ട് -47/23, ക്ലീൻ കേരള കമ്പനിക്ക് തുക കൈമാറൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
അടങ്കൽ - 50000 (CFC)
ചെലവ് - 48613
വൗച്ചർ നം. - 22200200/6-22/17-06-22

മേൽ പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ എം.സി.എഫിൽ ശേഖരിച്ചിട്ടുള്ള പുനചംക്രമണ യോഗ്യമല്ലാത്ത അജൈവ മാലിന്യം (Legacy Waste) നീക്കം ചെയ്ത വകയിൽ ക്ലീൻ കേരള കമ്പനിക്ക് തുക നൽകുകയാണ് ചെയ്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ അജൈവ പാഴ്വസ്തുക്കളുടെ ശേഖരണവും സംസ്കരണവും നടപ്പാക്കുന്നത് സംബന്ധിച്ച് 05-02-2021 ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ക്ലീൻ കേരള കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. എഗ്രിമെന്റ് നം.37/2021. കരാറിൽ പുനചംക്രമണ യോഗ്യമല്ലാത്തതും തരംതിരിക്കാത്തതുമായ അജൈവ പാഴ്വസ്തുക്കൾ സംസ്കരിക്കുന്നതിനുള്ള തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ക്ലീൻ കേരള കമ്പനിക്ക് നൽകേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 4090 കി.ഗ്രാം Legacy Waste നീക്കം ചെയ്തതിന് വിവിധ ഇൻവോയ്സുകൾ പ്രകാരം 18% ജി.എസ്.ടി ഉൾപ്പെടെ ആകെ 48613 രൂപ ക്ലീൻ കേരള കമ്പനിക്ക് നൽകിയിട്ടുണ്ട്. ജി.എസ്.ടി ബാധകമല്ലാത്ത സേവനത്തിന് ജി.എസ്.ടി തുകയായ 7362 രൂപ കൂടി ഉൾപ്പെടെയാണ് തുക അനുവദിച്ചിട്ടുള്ളത്. ആയത് ക്രമപ്രകാരമല്ല.

18% ജി.എസ്.ടി ഉൾപ്പെടെയുള്ള തുകയാണ് ക്ലീൻ കേരള കമ്പനിക്ക് നൽകിയിട്ടുള്ളത്. ജി.എസ്.ടി യിൽ നിന്നും ഒഴിവാക്കിയ സേവനത്തിന് ജി.എസ്.ടി തുക നൽകിയതിന്റെ കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.13/04-10-23) മറുപടി ലഭ്യമായില്ല.

ജി.എസ്.ടി ഇനത്തിൽ അനർഹമായി അനുവദിച്ച് നൽകിയ 7362/-രൂപ ക്രമീകരിക്കാൻ തുടർ നടപടി

ഉണ്ടാകേണ്ടതാണ്.

1-26 ലൈഫ് ഭവന നിർമ്മാണം- പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്

2022-23 സാമ്പത്തിക വർഷം ലൈഫ് ഭവന നിർമ്മാണ പദ്ധതി പ്രകാരം ആവിഷ്കരിച്ച് നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ-വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 57/23 | ലൈഫ് ഭവന പദ്ധതി ജനറൽ | 1000000 (1500000-വികസന ഫണ്ട് ജനറൽ, 2500000-സംസ്ഥാനാവിഷ്കൃത ഫണ്ട്, 1500000-ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 2000000-ജില്ലാ പഞ്ചായത്ത് വിഹിതം, 2500000-ലോൺ) | 5320000 (1500000-വികസന ഫണ്ട് ജനറൽ, 1800000-സംസ്ഥാനാവിഷ്കൃത ഫണ്ട്, 800000-ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 1100000-ജില്ലാ പഞ്ചായത്ത് വിഹിതം, 120000-ലോൺ) |
| 58/23 | ലൈഫ് പാർപ്പിട പദ്ധതി എസ്.സി.പി | 12000000 (1000000-വികസന ഫണ്ട് SCP , 4000000-സംസ്ഥാനാവിഷ്കൃത ഫണ്ട്, 2000000-ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 1000000-ജില്ലാ പഞ്ചായത്ത് വിഹിതം, 4000000-KURDFC ലോൺ) | 3080000 (980000-വികസന ഫണ്ട് SCP, 800000-സംസ്ഥാനാവിഷ്കൃത ഫണ്ട്, 1300000-ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |

2022-23 വരെ ലൈഫ് ഭവന നിർമ്മാണ പദ്ധതിയുടെ വിവിധ ഫേസുകളിലായി എഗ്രിമെന്റിലേർപ്പെട്ട 197 ഗുണഭോക്താക്കളിൽ 178 പേരുടെ ഭവന നിർമ്മാണം പൂർത്തിയായിട്ടുണ്ട്. രജിസ്റ്റർ പ്രകാരം നിർമ്മാണം പൂർത്തീകരിക്കാൻ ശേഷിക്കുന്നവരിൽ മുൻ വർഷങ്ങളിൽ എഗ്രിമെന്റ് വച്ച് നിർമ്മാണം ആരംഭിക്കുകയും നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതുമായ ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കാറ്റഗറി | നിർമ്മാണം ആരംഭിച്ച വർഷം | കൈപ്പറ്റിയ തുക | അവസാനമായി തുക കൈപ്പറ്റിയ തീയതി |
|---|---|---|---|---|---|
| 1 | അബ്ദുൾ റഹീം S/o അബ്ദുൾ ഗഫൂർ, കെ.പി തെരുവ് | ജനറൽ | 2018-19 | 360000 | 01-10-21 |
| 2 | രതി W/o അനന്തൻ, കോമാങ്ങത്ത് വീട്, കരിപ്പോട് തറ | ജനറൽ | 2021-22 | 360000 | 21-01-23 |
| 3 | പ്രമീള W/o ശിവൻ(Late), കൊല്ലത്തുകുളമ്പ്, കരിപ്പോട് | ജനറൽ | 2021-22 | 360000 | 21-01-23 |
| 4 | സുമിത്ര W/o ദേവദാസൻ, കൊല്ലത്തുകൊളുമ്പ് | എസ്.സി | 2021-22 | 360000 | 16-05-23 |
| 5 | സുമതി W/o കുമാരൻ, പുത്തൻകുളമ്പ് | എസ്.സി | 2021-22 | 360000 | 06-09-22 |

മേൽപറഞ്ഞ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി, നിർമ്മാണം

പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം എന്നിവ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.5/30-09-23) ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം. 2, 3, 4, 5 എന്നിവ പ്രകാരമുള്ള ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന്റെ അവസാനഘട്ടത്തിലാണെന്നും ഉടൻ പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അബ്ദുൾ റഹീം S/o.അബ്ദുൾ ഗഫൂർ എന്ന ഗുണഭോക്താവ് നിലവിൽ റൂഫ് സ്റ്റേജിൽ ആണെന്നും നിർമ്മാണം ഉടൻ പൂർത്തീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്.

മേൽ പറഞ്ഞ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം എഗ്രിമെന്റ് വ്യവസ്ഥകൾ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 അമൃതം ന്യൂട്രിമിക്സ് വാങ്ങൽ - ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല

2022-23 സാമ്പത്തിക വർഷത്തിൽ അങ്കണവാടി പോഷകാഹാരം എന്ന പേരിൽ 2 പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1/23 | അങ്കണവാടി പോഷകാഹാര പദ്ധതി | 2700000 (900000 – വികസന ഫണ്ട് പൊതു വിഭാഗം, 1800000- കേന്ദ്രാവിഷ്കൃതം) | 1969614 (731737 – വികസന ഫണ്ട് – 1237877- കേന്ദ്രാവിഷ്കൃതം) |
| 2/23 | അങ്കണവാടി പോഷകാഹാര പദ്ധതി- എസ്.സി.പി | 700000 – (600000- വികസന ഫണ്ട് എസ്.സി.പി, 100000- കേന്ദ്രാവിഷ്കൃതം) | 346434 (വികസന ഫണ്ട് എസ്.സി.പി) |

മേൽ പ്രോജക്ടുകളുടെ ഭാഗമായി അങ്കണവാടികളിലേക്കുള്ള അമൃതം ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത് അനുഗ്രഹ & ലക്ഷ്മി കുടുംബശ്രീ യൂണിറ്റ്, പെരുവെമ്പ് എന്ന സ്ഥാപനത്തിൽ നിന്നാണ്. ന്യൂട്രിമിക്സ് വിതരണം ചെയ്ത വകയിൽ സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല എന്ന് രേഖകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു. ചെലവുകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നമ്പർ/തീയതി | തുക (5% ജി.എസ്.ടി ഉൾപ്പെടെ) | ബിൽ നം. / തീയതി |
|---|---|---|---|
| 1 | 1450/13-10-22 | 67142 | Central Share- ചെക്ക് നം.561326/12-01-23 |
| 2 | 1399/11-08-22 | 65084 | 2/27-08-22 |
| 3 | 1419/02-09-22 | 73830 | ചെക്ക് നം.561328/ 27-03-23 Central Share |
| 4 | 1434/23-09-22 | 61960 | |
| 5 | 1435/17-11-22 | 55125 | |
| 6 | 1496/08-12-22 | 74345 | |
| 7 | 1522/09-01-23 | 68428 | ചെക്ക് നം.561329/ 28-03-23 Central Share |
| 8 | 1546/06-02-23 | 65709 | |
| 9 | 1578/14-03-23 | 76146 | |
| 10 | 1400/11-08-22 | 19808 | ബിൽ നം.4/22-11-22 |
| 11 | 1420/02-09-22 | 20065 | |
| 12 | 1433/23-09-22 | 19036 | |
| 13 | 1453/23-09-22 | 14944 | |
| 14 | 1486/17-11-22 | 13009 | ബിൽ നം.07/28-02-23 |
| 15 | 1497/08-12-22 | 18779 | |
| 16 | 1523/09-01-23 | 16464 | |
| 17 | 1551/06-02-23 | 15655 | |
| 18 | 1577/14-03-23 | 17750 | ബിൽ നം.11/25-03-23 |

GST IN- 32AAXFA8246K1ZX, അക്കൗണ്ട് നം.- 09744015000565, IFSC- PUNB0097410

2017 ലെ സി.ജി.എസ്.ടി ആക്ട് /കെ.ജി.എസ്.ടി ആക്ട് എന്നിവയിലെ വകുപ്പ് 51(1) പ്രകാരം കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിന് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ നിന്നും 1% ജി.എസ്.ടി കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST, SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്. മേൽ പറഞ്ഞ ബില്ലുകൾ പ്രകാരം തുക അനുവദിച്ചപ്പോൾ സ്രോതസ്സിൽ നിന്നും നിയമാനുസൃത ജി.എസ്.ടി കുറവു ചെയ്യാതെ മുഴുവൻ തുകയും സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

ജി.എസ്.ടി ടി.ഡി.എസ് നടത്താതെ മുഴുവൻ തുകയും സ്ഥാപനത്തിന് നൽകിയതിന്റെ കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം നം. 18/05-10-23 ന് ലഭ്യമാക്കിയ മറുപടിയിൽ വരും വർഷങ്ങളിൽ ടി.ഡി.എസ് ചെയ്യുന്നതിന് ശ്രദ്ധിക്കുന്നതാണെന്ന് അറിയിക്കുകയും തൻവർഷം പ്രസ്തുത സ്ഥാപനം ജി.എസ്.ടി റിട്ടേൺ ഫയൽ ചെയ്തതിന്റെ പകർപ്പ് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്.

ടി.ഡി.എസ് കുറവു ചെയ്യുന്നതിൽ വീഴ്ച വരുത്തിയാൽ നിർവ്വഹണ ഉദ്യോഗസ്ഥ പിഴ ഒടുക്കുവാൻ ബാദ്ധ്യസ്ഥയായതിനാൽ ഇക്കാര്യത്തിൽ വീഴ്ച ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 ഹോമിയോ ആശുപത്രിയിലേക്കുള്ള മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം

പ്രൊ.നം. 4/23-ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - 200000 രൂപ (MG-Non Road)

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (ഹോമിയോ)

ചെലവ് - 200000 രൂപ (1/21-01-2023)

ഹോമിയോ ആശുപത്രിയിലേക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനായി രണ്ട് ലക്ഷം രൂപ കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന്റെ (HOMCO) അക്കൗണ്ടിലേക്ക് മുൻകൂറായി നൽകിയിട്ടുണ്ട്.

അക്കൗണ്ട് നം. 34306403911

രസീതി നം. 7340/20-03-2023

ഹോംകോയുമായി ഒപ്പുവെച്ച എഗ്രിമെന്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

തുക അനുവദിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും മരുന്നുകൾ ഭാഗികമായി മാത്രമാണ് ലഭ്യമായിട്ടുള്ളതെന്ന് ഇൻവോയ്സ് പരിശോധിച്ചപ്പോൾ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഇൻവോയ്സ് നം. LF-952/10-08-2023 - 137636 രൂപ

ബാക്കി 62364 രൂപയുടെ മരുന്നുകൾ ലഭ്യമാകുവാനുണ്ടെങ്കിലും തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

ബാക്കി മരുന്നുകൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 2/26-9-2023 ന് മറുപടിയിൽ എഗ്രിമെന്റ് ലഭ്യമായിട്ടില്ലെന്നും മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്.

മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-29 പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്

സ.ഉ(സാധാ)നം.553/2019/തസ്വഭവ തിയതി 7-3-2019 പ്രകാരം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ക്യാൻസർ രോഗികൾ, കിടപ്പ് രോഗികൾ, പ്രായമായവർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ മുതലായ ദീർഘകാല പരിചരണം ആവശ്യമായ രോഗികളുടെ പരിചരണത്തിനായി രൂപീകരിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് വിലയിരുത്തൽ താഴെ ചേർക്കുന്നു.

എ) പരിചരണം ആവശ്യമായ രോഗികളുടെ വിവരം

ഗ്രാമപഞ്ചായത്തിൽ പ്രധാനമായും താഴെ പറയുന്ന രോഗികൾക്കാണ് പരിചരണം നൽകി വരുന്നത്.

തുടർ പരിചരണം (Follow Up) ആവശ്യമായവർ - 128 (60 വയസിന് താഴെ പ്രായമുള്ള തീരെ കിടപ്പിലായവർ - 33 + 60 വയസിന് മുകളിൽ പ്രായമുള്ള തീരെ കിടപ്പിലായവർ - 95)

മേൽ സൂചിപ്പിച്ചവരിൽ മെഡിസിൻ സപ്പോർട്ട് ആവശ്യമുള്ളവർ 64 പേരും ഫിസിയോ തെറാപ്പി ആവശ്യമായവർ 20 പേരും സെക്കണ്ടറി കെയർ ആവശ്യമായവർ 16 പേരും ക്യാൻസർ രോഗികൾ 47 പേരും വൃക്ക രോഗികൾ 7 പേരും നട്ടെല്ലിന് ക്ഷതം സംഭവിച്ചവർ 3 പേരും ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർ 5 പേരും ഡ്രസിംഗ് ആവശ്യമായവർ 4 പേരും ഉൾപ്പെടുന്നുണ്ട്.

ബി) പാലിയേറ്റീവ് പരിചരണത്തിനുള്ള പ്രോജക്ട്

തൻവർഷം നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

39/23- സാന്ത്വന പരിചരണം

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (FHC)

അടങ്കൽ - 900000 (വികസന ഫണ്ട്-450000 + ബ്ലോക്ക് വിഹിതം - 450000)

ചെലവ് - 807366 (വികസന ഫണ്ട്-438080+ ബ്ലോക്ക് വിഹിതം - 369286) (വിവിധ ബില്ലുകൾ പ്രകാരം)

പാലിയേറ്റീവ് കെയർ നഴ്സിന്റെ ഹോണറേറിയം, വാഹന വാടക, മരുന്ന്, ഹോം കെയർ ടീമിന്റെ ഭക്ഷണം എന്നിവയ്ക്കായാണ് തുക ചെലവഴിച്ചിട്ടുള്ളത്.

തൻവർഷം 350000 രൂപയുടെ മരുന്നുകൾ സപ്ലൈകോ മെഡിക്കൽ സ്റ്റോറിൽ നിന്നും വാങ്ങിയിട്ടുണ്ട്.

സി) നോമിനൽ രജിസ്റ്ററും ഹോം കെയർ റിപ്പോർട്ട് ബു ക്കും

രോഗികളുടെ വിവരം അടങ്ങിയ നോമിനൽ രജിസ്റ്ററിൽ വിശദാംശങ്ങൾ ചേർത്തിട്ടുണ്ട്.

ഹോം കെയർ സന്ദർശനം നടത്തിയതിന്റെ റിപ്പോർട്ട് വിശദമായി തയ്യാറാക്കിയിട്ടുണ്ട്.

ഡി) പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (PMC)

ഓരോ സാമ്പത്തിക വർഷാവസാനത്തിനുമുമ്പും പി.എം.സി രൂപീകരിക്കേണ്ടതാണെന്ന നിർദ്ദേശം പാലിച്ചിട്ടുണ്ട്. വിവിധ റിപ്പോർട്ടുകൾ പി.എം.സി യോഗത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. തൻവർഷം പി.എം.സി മൂന്ന് തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. ഓരോ രണ്ട് മാസം കഴിയുമ്പോഴും പി.എം.സി ചേരേണ്ടതാണെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

ഇ) പഞ്ചായത്ത്തല അവലോകന യോഗം

പഞ്ചായത്ത് തലത്തിൽ എല്ലാ മാസവും ഹെൽത്ത് റിവ്യൂ നടത്തിയിട്ടില്ല.

എഫ് ) വിഭവ സമാഹരണം

മറ്റ് മാർഗ്ഗങ്ങളിലൂടെ വിഭവ സമാഹരണം നടത്താവുന്നതാണെങ്കിലും തൻവർഷം അതിനുള്ള ശ്രമം നടത്തിയിട്ടില്ല.

ജി) മോണിറ്ററിംഗ്

ഗ്രാമപഞ്ചായത്ത്തലത്തിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി പാലിയേറ്റീവ് കെയർ ഒരിനമായി ചർച്ച ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും അപ്രകാരമുള്ള ചർച്ചകൾ നടന്നിട്ടില്ല. ഭരണസമിതി വർഷത്തിലൊരിക്കലെങ്കിലും വിലിയിരുത്തൽ നടത്തേണ്ടതാണെന്ന വ്യവസ്ഥയും പാലിച്ചതായി കാണുന്നില്ല.

എച്ച് ) വാഹന സൗകര്യം

പാലിയേറ്റീവ് കെയറിന്റെ ആവശ്യത്തിനായി വാഹനം ലഭ്യമാക്കിയിട്ടില്ല. നിലവിൽ വാടകയ്ക്ക് എടുത്ത് വാഹനത്തിലാണ് പാലിയേറ്റീവ് പ്രവർത്തനങ്ങൾ നടത്തുന്നത്. ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ആംബുലൻസ് പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടില്ല.

ഓഡിറ്റ് വിലയിരുത്തൽ /നിർദ്ദേശങ്ങൾ

- പി.എം.സി.യുടെ യോഗം മാർഗ്ഗരേഖ പ്രകാരമുള്ള കാലയളവിൽ ചേരുവാൻ ശ്രദ്ധിക്കേണ്ടതാണ്.
- പാലിയേറ്റീവ് പ്രവർത്തനങ്ങളിൽ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കാര്യക്ഷമമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
- പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കായി ഒരു വാഹനം ലഭ്യമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.
- ഗ്രാമപഞ്ചായത്തിന്റെ ഫണ്ടിനു പുറമെ പൊതുജനങ്ങളിൽ നിന്നുള്ള സംഭാവനകളും സന്നദ്ധ സംഘടനകളുടെ സഹകരണവും ഉറപ്പാക്കി പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.

മേൽ വിഷയത്തിൽ അഭിപ്രായം അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 3/26-9-2023 ന് മറുപടി ലഭ്യമായില്ല.

തുടർ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-30 മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണ, നിർവ്വഹണ നടപടിക്രമങ്ങൾ വിലയിരുത്തൽ

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കുവാൻ ലക്ഷ്യമിട്ട് തൻവർഷം അംഗീകാരം ലഭ്യമാക്കിയ 70 പ്രവൃത്തികളിൽ 44 എണ്ണത്തിനു മാത്രമാണ് തുക ചെലവഴിച്ചിട്ടുള്ളത്. വകയിരുത്തിയ 1.90 കോടി രൂപയിൽ 82.57 ലക്ഷം രൂപയാണ് തൻവർഷത്തെ ചെലവ്. ചെലവ് ശതമാനം - 44

എ. മരാമത്ത് പ്രവൃത്തികളുടെ സ്വഭാവം

തൻവർഷം ആവിഷ്കരിച്ച പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

റോഡ് പ്രവൃത്തികൾ - 49 %

അരിക് സംരക്ഷണം - 6%

കെട്ടിടങ്ങൾ - 27 %

കുടിവെള്ള പദ്ധതികൾ - 6 %

മറ്റ് പ്രോജക്ടുകൾ - 12 %

പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിന്റെ അഭാവത്തിൽ 37% പ്രവൃത്തികൾ സ്പിൽ ഓവർ ആയി മാറിയിട്ടുണ്ട്.
രേഖകളിലെ അപാകങ്ങൾ താഴെ ചേർക്കുന്നു.

എഗ്രിമെന്റ് വ്യവസ്ഥകളിൽ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കിയിട്ടില്ല.

ടാറിംഗ് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും കുറവു ചെയ്ത തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ടെങ്കിലും ബാരലിന്റെ ജി.എസ്.ടി വേർതിരിച്ച് കാണിച്ചിട്ടില്ല.

ജി.എസ്.ടി ടി.ഡി.എസ് ആവശ്യമില്ലാത്ത ബില്ലുകളിൽ നിന്നും ടി.ഡി.എസ് നടത്തിയിട്ടുണ്ട്.

ഫണ്ട് വിനിയോഗം കുറവായതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 14(1)/4-10-2023 ന് മറുപടി ലഭ്യമായില്ല.

ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കേണ്ടതും മറ്റ് അപാകങ്ങൾ ഒഴിവാക്കേണ്ടതുമാണ്.

## 1-31 എം.സി.എഫ് കെട്ടിടത്തിന്റെ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്

പ്രൊ.നം.82/23-MCF കെട്ടിടം നിർമ്മിക്കൽ
അടങ്കൽ - 800000 (CFC)
നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ
എഗ്രിമെന്റ നം. 2/2-9-2022 (9 മാസം)
പി.എ.സി - 713969
എ.പി.എ.സി - 713344
കരാറുകാരൻ- ശ്രീ.ഫൈസൽ അലി
അളവു പുസ്തകം നം. 17/2018-19
തൻവർഷത്തെ ചെലവ് (പാർട്ട്)- 407261 (ബിൽ നം.172/ 02-02-2023)

പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ പുറകുവശത്തായി 49.14 ച.മീ പ്ലിന്റ് ഏരിയയിൽ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിക്കായി (എം.സി.എഫ്) കെട്ടിടം നിർമ്മിക്കുവാനാണ് ലക്ഷ്യമിട്ടത്.

എം.സി.എഫ് കെട്ടിടം ഭാഗികമായി മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഹരിതകർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങൾ പഞ്ചായത്തിന്റെ പുറകുവശത്തുള്ള സ്ഥലത്താണ് ശേഖരിച്ച് വയ്ക്കുന്നതെന്ന് സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു.

2016 ലെ പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടങ്ങൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് അവശ്യം വേണ്ട എം.സി.എഫ് പൂർത്തീകരിക്കാത്തത് ഗ്രാമപഞ്ചായത്തിന്റെ മാലിന്യപരിപാലനത്തിലെ പോരായ്മയായി ശ്രദ്ധയിൽപെടുത്തുന്നു.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 14(2)/4-10-2023 ന് മറുപടി ലഭ്യമായില്ല.

## 1-32 രണ്ടര ലക്ഷം രൂപയിൽ താഴെ കരാർ തുകയുള്ള ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തി

സി.ജി.എസ്.ടി ആക്ട്, 2017, കെ.ജി.എസ്.ടി ആക്ട്, 2017 എന്നിവയിലെ സെക്ഷൻ 51(1) പ്രകാരം 2.5 ലക്ഷം രൂപയിൽ കൂടുതൽ കരാർ തുക വരുന്ന സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ ബില്ലുകളിൽ നിന്നും 1% വീതം ജി.എസ്.ടി ടി.ഡി.എസ് ഈടാക്കേണ്ടതാണ്. എന്നാൽ രണ്ടര ലക്ഷം രൂപയിൽ താഴെ കരാർ തുകയുള്ള താഴെ പറയുന്ന ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടുണ്ട്.

1. പ്രൊ.നം.112/23-പാനികൊളുമ്പ് റോഡ് കോൺക്രീറ്റിംഗ്

അടങ്കൽ - 180000 (SCP)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

എഗ്രിമെന്റ് നം. 23/14-2-2022 (6 മാസം)

എ.പി.എ.സി - 167032

കരാറുകാരൻ- ശ്രീ.പ്രശാന്ത്.എസ്.

ഇ അളവു പുസ്തകം നം. 5_24_23

തൻവർഷത്തെ ചെലവ് - 177741 (ബിൽ നം.32/ 17-02-2023)

ടി.ഡി.എസ് തുക – 3040 രൂപ

2. പ്രൊ.നം.94/23-കാട്ടുതെരുവ് രാജൻ വീട് റോഡ് കോൺക്രീറ്റിംഗ്

അടങ്കൽ - 180000 (SCP)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

എഗ്രിമെന്റ് നം. 12/5-12-2022 (6 മാസം)

എ.പി.എ.സി - 151595

കരാറുകാരൻ- ശ്രീ.ഫൈസൽ അലി.എം

ഇ അളവു പുസ്തകം നം. 5_23_22

തൻവർഷത്തെ ചെലവ് - 169435 (ബിൽ നം.35/ 17-02-2023)

ടി.ഡി.എസ് തുക – 2872 രൂപ

3. പ്രൊ.നം.143/23-പുതുനഗരം പാലം റെയിൽവേ റോഡ് ഇന്റർലോക്ക്

അടങ്കൽ - 230000 (CFC-Basic)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

എഗ്രിമെന്റ് നം. 3/14-9-2022

എ.പി.എ.സി - 196665

കരാറുകാരൻ- ശ്രീ.ഷാഹുൽ ഹമീദ്.എ

ഇ അളവു പുസ്തകം നം. 5_6_4

തൻവർഷത്തെ ചെലവ് - 696950 (ബിൽ നം.307/ 29-03-2023)

ടി.ഡി.എസ് തുക – 1182 രൂപ

അപാകങ്ങൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണം നം. 14(3)/4-10-2023 ന് മറുപടി ലഭ്യമായില്ല.

ബില്ലുകൾ തയ്യാറാക്കുമ്പോൾ ജി.എസ്.ടി നിയമങ്ങളിലെ വ്യവസ്ഥകൾ കണക്കിലെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-33 എഗ്രിമെന്റ് ചമയ്ക്കുന്നതിൽ കാലതാമസം-ചട്ടപ്രകാരമല്ലാതെ എഗ്രിമെന്റ് ചമച്ചു

പ്രൊ.നം.143/23-പുതുനഗരം പാലം റെയിൽവേ റോഡ് ഇന്റർലോക്ക്
അടങ്കൽ - 230000 (CFC-Basic)
നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ
എഗ്രിമെന്റ് നം. 3/14-9-2022
എ.പി.എ.സി - 196665
കരാറുകാരൻ- ശ്രീ.ഷാഹുൽ ഹമീദ്.എ
ഇ അളവു പുസ്തകം നം. 5_6_4
തൻവർഷത്തെ ചെലവ് - 68650 (ബിൽ നം.307/ 29-03-2023)

2012 ലെ കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും, 14 ദിവസം മുതൽ 10 ദിവസത്തിനകം കരാർ തുകയുടെ 1% പിഴ ഈടാക്കി കരാറുടമ്പടി വയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. സമയബന്ധിതമായി കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണെന്നും മാന്വലിൽ നിഷ്കർഷിച്ചിട്ടുണ്ട്.

പ്രവൃത്തിയുടെ ടെണ്ടർ, ഗ്രാമപഞ്ചായത്ത് 29-7-2022 ലെ തീരുമാനം പ്രകാരം അംഗീകരിച്ചുവെങ്കിലും കരാറുകാരനുമായി എഗ്രിമെന്റ് ചമച്ചത് 14-9-2022 നാണ്. ചട്ടപ്രകാരമുള്ള പിഴ ഈടാക്കാതെയാണ് എഗ്രിമെന്റ് ചമച്ചിട്ടുള്ളത്.

ഓഡിറ്റ് അന്വേഷണം നം. 14(3)/4-10-2023 ന് മറുപടി ലഭ്യമായില്ല.

പ്രവൃത്തിയുടെ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ പോലും ഈടാക്കാതിരുന്നതിനാൽ ഉണ്ടായ നഷ്ടം 1967 രൂപ (196665x1/100) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി അറിയിക്കേണ്ടതാണ്.

PWD മാന്വൽ അനുസരിച്ചുള്ള കാലാവധി കഴിഞ്ഞ് എഗ്രിമെന്റ് ഒപ്പു വയ്ക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-34 ടേക് എ ബ്രേക് പൊതു ശൗചാലയവും വിശ്രമ കേന്ദ്രവും പ്രവർത്തനക്ഷമമാക്കേണ്ടതാണ്

ടേക് എ ബ്രേക് പൊതു ശൗചാലയവും വിശ്രമ കേന്ദ്രവും നിർമ്മിക്കുന്നതിനായി താഴെ പറയും പ്രകാരം രണ്ട് പ്രോജക്ടുകൾ രൂപീകരിച്ചിട്ടുണ്ട്.

1. പ്രൊ.നം.141/23-ടേക് എ ബ്രേക് പൊതു ശൗചാലയവും വിശ്രമ കേന്ദ്രവും - 2
അടങ്കൽ - 2000000 രൂപ (CFC - 700000 + കേന്ദ്ര ഫണ്ട് - 1300000)
2. പ്രൊ.നം.182/23-ടേക് എ ബ്രേക് പൊതു ശൗചാലയവും വിശ്രമ കേന്ദ്രവും
(പൂർത്തീകരണം)
അടങ്കൽ - 456400രൂപ (CFC)

മേൽ പ്രോജക്ടുകൾ പ്രകാരം തൻവർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല.

സ.ഉ(കൈ)നം.39/2020/LSGD തിയതി 29-02-2020 പ്രകാരം ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ 12000 ശുചിമുറികൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ പ്രകാരം ദേശീയപാത, സംസ്ഥാനപാത എന്നിവയ്ക്കരികിൽ മൂന്ന് സെന്റ് സർക്കാർ ഭൂമി ഇതിനായി അതത് തദ്ദേശ സ്ഥാപനങ്ങൾ കണ്ടെത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സ.ഉ(സാധാ)നം.1401/2020/LSGD തിയതി 27-7-2020 പ്രകാരം ടേക് എ ബ്രേക് പൊതു ശുചിമുറികളുടെ നിർമ്മാണത്തിനായി തദ്ദേശ സ്ഥാപനങ്ങൾക്കായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

നിർമ്മിക്കുവാൻ ലക്ഷ്യമിട്ട രണ്ട് ശൗചാലയങ്ങൾക്കും തൻവർഷം തുക ചെലവഴിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുവാനും ശൗചാലയങ്ങളുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 14(4)/4-10-2023 ന് മറുപടി ലഭ്യമായില്ല.

സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരമുള്ള ശൗചാലയ നിർമ്മാണം പൂർത്തീകരിച്ച് പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-35 ടാർ ബാരലുകളുടെ ജി.എസ്.ടി കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കേണ്ടതാണ്

തൻവർഷം പൂർത്തീകരിച്ച വിവിധ ടാറിംഗ് പ്രവൃത്തികളുടെ കരാറുകാരുടെ ബില്ലുകളിൽ നിന്നും ബാരലിന്റെ വിലയും ജി.എസ്.ടി യും ഉൾപ്പെടെ ബാരൽ ഒന്നിന് 281 വീതം കണക്കാക്കി ആകെ 18827 രൂപ അസി.എഞ്ചിനിയർ തനത് ഫണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. (ഹെഡ്-150120101). ജി.എസ്.ടി പ്രത്യേകം രേഖപ്പെടുത്താതെയാണ് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുള്ളത്. ആയതിൽ ജി.എസ്.ടി കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 14(5)/4-10-2023 ന് മറുപടി ലഭ്യമായില്ല.

കുറവു ചെയ്ത ജി.എസ്.ടി ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ 2017 ലെ SGST/CGST നിയമം സെക്ഷൻ 51(6) പ്രകാരമുള്ള പിഴ ഒടുക്കുവാൻ ബാധ്യസ്ഥനായതിനാൽ ഈടാക്കിയ നികുതി നാളിതുവരെയായി ഒടുക്കിയിട്ടില്ലെങ്കിൽ കൃത്യമായി ഒടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-36 അസി.എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലെ തുക പഞ്ചായത്തിന് കൈമാറേണ്ടതാണ്

അസി.എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ (നം.33366734744, SBI Tattamangalam) ആണ് ടെണ്ടർ ഫോറങ്ങളുടെ വിലയായി ഈടാക്കുന്ന തുക നിക്ഷേപിക്കുന്നത്. 6-11-2019 നുശേഷം ബാങ്ക് സ്റ്റേറ്റ്മെന്റ്

കാലികമാക്കിയിട്ടില്ല.

6-11-2019 ന് ഈ അക്കൗണ്ടിൽ 30010 രൂപ അവശേഷിക്കുന്നതായി ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ബോധ്യപ്പെട്ടു.

ഓഡിറ്റ് അന്വേഷണം നം. 14(6)/4-10-2023 ന് മറുപടി ലഭ്യമായില്ല.

ബാങ്ക് സ്റ്റേറ്റ്മെന്റ് കാലികമാക്കി അവശേഷിക്കുന്ന തുക പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ആംബുലൻസിന്റെ വാടക- പിരിച്ച തുക പൂർണമായി ഒടുക്കിയിട്ടില്ല

പാലക്കാട് ജില്ലാ കളക്ടറുടെ 4-4-2022 ലെ ആർ.ഡി.6/311/2022 നമ്പർ നടപടിക്രമം പ്രകാരം ആംബുലൻസ് വാങ്ങുന്നതിന് എം.എൽ.എ ഫണ്ടിൽ നിന്നും അനുവദിച്ച 17 ലക്ഷം രൂപ ഉപയോഗിച്ച് 2022-23 വർഷത്തിൽ ഒരു ആംബുലൻസ് GeM മുഖേന വാങ്ങിയിട്ടുണ്ട്. 22-23 ൽ ആംബുലൻസിന്റെ വാടക വരവ് രശീതി ബുക്ക്, Hire Charges Of Ambulance ലെഡ്ജർ എന്നിവ പരിശോധിച്ചതിൽ നിന്നും ഈടാക്കിയ വാടക ഗ്രാമപഞ്ചായത്തിലേക്ക് അടവാക്കുന്നതിൽ വീഴ്ച വന്നിട്ടുള്ളതയായി കണ്ടെത്തി.

ആംബുലൻസിന്റെ വാടക വരവ്

തൻവർഷം 31890 രൂപയാണ് ആംബുലൻസ് ഓടിയ വകയിലുള്ള ആകെ വരവ്. വരവിന്റെ കൃത്യത ഉറപ്പാക്കുന്നതിനായി രശീതി ബുക്ക്, ലെഡ്ജർ, ലോഗ് ബുക്ക് എന്നിവ പരിശോധിച്ചതിൽ നിന്നും വാടക വരവ് കൃത്യമായി ഒടുക്കിയിട്ടില്ല എന്ന് വ്യക്തമായി.

2022 ഓഗസ്റ്റ് 1 മുതൽക്കാണ് ആംബുലൻസ് ഓടിത്തുടങ്ങിയത്. 1-8-2022 മുതൽ 31-3-23 വരെയുള്ള കാലയളവിൽ ട്രിപ്പുകൾക്കായി 31890 രൂപയാണ് വാർഷിക കണക്ക് പ്രകാരമുള്ള വരവ്. വാടക പിരിക്കുന്നതിനായി പ്രത്യേകം രശീതി ബുക്ക് അച്ചടിച്ച് രണ്ട് ഡ്രൈവർമാർക്കും ഓരോ ബുക്ക് വീതം നല്കിയിട്ടുണ്ട്. ബുക്ക് നം.-1 ശ്രീ. ജയപ്രകാശിന് 27-8-2022 നം, ബുക്ക് നം.-2 ശ്രീ.സമീറിന് 16-12-2022-നം ഇഷ്യൂ ചെയ്തിട്ടുണ്ട്. രണ്ട് രശീതി ബുക്കുകളിലുമായി വരവ് അടവാക്കാത്തത്, അടവാക്കിയതിൽ കുറവ് എന്നിവയുടെ വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | രശീതി നം. | തുക | കുറിപ്പ് |
|---|---|---|---|
| 1 | 10/1, 21-9-22 | 1100 | തുക അടവാക്കിയിട്ടില്ല ” |
| 2 | 13/1, 30-9-22 | 1000 | ” |
| 3 | 24/1, 15-11-22 | 1000 | ” |
| 4 | 29/1, 6-12-22 | 1200 | ” |
| 5 | 30/1, 10-12-22 | 1100 | ” |
| 6 | 31/1, 11-12-22 | 800 | ” |
| 7 | 34/1, 4-3-23 | 1100 | ” |
| 8 | 33/1, 7-1-23 | 1100 | 1000 രൂപ മാത്രം അടവാക്കി. 100 രൂപ കുറവ് |
| 9 | 101/ 2, 16-12-22 | 1200 | തുക അടവാക്കിയിട്ടില്ല |
| 10 | 102/ 2, -12-22* | 1240 | തുക അടവാക്കിയിട്ടില്ല |
| 11 | 103/ 2, 23-12-22 | 860 | തുക അടവാക്കിയിട്ടില്ല |
| ആകെ അടവാക്കിയതിൽ കുറവ് | | 10700 | |

* തിയതി ചേർത്തിട്ടില്ല

തുടർന്നുള്ള കാലയളവിലും തുക ക്രമീകരിച്ചിട്ടില്ല. പിന്നീട് ആംബുലൻസിന്റെ വരവിനത്തിൽ രണ്ടാം നമ്പർ രസീതി പ്രകാരം തുകയൊന്നും ഈടാക്കിയതായും കാണുന്നില്ല.

ആംബുലൻസിന്റെ വാടക തുകയേക്കാളും വളരെ അധികമാണ് വാഹന പരിപാലനത്തിനുള്ള ചെലവ്. ഇന്ധനം, ഡ്രൈവറുടെ വേതനം എന്നിവയ്ക്കായി മാത്രം 177501 രൂപ ചെലവുണ്ട്. ആംബുലൻസിന്റെ പരിപാലനം പഞ്ചായത്ത് ഫണ്ടിന് ബാധ്യത സൃഷ്ടിക്കുന്നുണ്ടെന്ന് വിലയിരുത്തുന്നു.

ലോഗ്ബുക്ക് 9/2022 വരെയാണ് മേലധികാരികൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. 28-5-2023 ന ശേഷം ലോഗ്ബുക്കിൽ രേഖപ്പെടുത്തലുകൾ ഇല്ല. വാഹനം ഗ്രാമപഞ്ചായത്ത് കോമ്പൗണ്ടിലെ ഷെഡിൽ സൂക്ഷിച്ചിട്ടുള്ളതായും പൊതുജനസേവനത്തിനായി പ്രയോജനപ്പെടുത്തുന്നില്ലെന്നും നേരിൽ കണ്ട് ബോധ്യപ്പെട്ടിട്ടുണ്ട്.

വാഹനത്തിന്റെ വാടക നിരക്ക് നിശ്ചയിച്ചതിന്റെ ഭരണസമിതി തീരുമാനം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ഡ്രൈവർമാർക്ക് നല്കിയ രശീതി ബുക്ക് മുഖേന എത്ര തുക പിരിച്ചു, എത്ര തുക അടവാക്കി എന്നീ കാര്യങ്ങൾ യഥാസമയം മേലധികാരികൾ പരിശോധനാവിധേയമാക്കിയിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

പിരിച്ചെടുത്ത തുക അടവാക്കാത്തതിന്റെ കാരണം അറിയിക്കാൻ ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമായില്ല.
അടവാക്കാത്ത തുക നഷ്ടമായതായി കണക്കാക്കി മേൽനോട്ടച്ചുമതലയിൽ വീഴ്ച വരുത്തിയ ഉത്തരവാദിയായ സെക്രട്ടറിമാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.
ഇക്കാര്യത്തിലെ തുടർനടപടികൾ അറിയിക്കേണ്ടതാണ്. (എൻക്വയറി നം. 11/3-10-23)

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | 26-9-2023 മുതൽ 06-10-2023 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് | ലഭ്യമല്ല | 802099 | വിശദാംശം ലഭ്യമല്ല | 0 | 802099 |
| | 2022-23 | 596420 | 110/23-സമഗ്ര നെൽകൃഷി വികസനം | 596420 | 0 |
| | | 369286 | 6/23-പാലിയേറ്റീവ് കെയർ | 369286 | 0 |

| | | | | | |
|---|---|---|---|---|---|
| | | 800000 | 57/23-ലൈഫ് ഭവനം-ജനറൽ | 800000 | 0 |
| | | 400000 | 3/23-സ്കോളർഷിപ് | 400000 | 0 |
| | | 1300000 | 58/23-ലൈഫ് ഭവനം-SCP | 1300000 | 0 |
| | | 50000 | 165/23-പാലിന് സബ്സിഡി | 50000 | 0 |
| | | | | | |
| ജില്ലാ പഞ്ചായത്ത്, പാലക്കാട് | ലഭ്യമല്ല | 19566 | വിശദാംശം ലഭ്യമല്ല | 0 | 19566 |
| | 2022-23 | 780686 | 110/23-സമഗ്ര നെൽകൃഷി വികസനം | 780686 | 0 |
| | | 1100000 | 57/23-ലൈഫ് ഭവനം-ജനറൽ | 1100000 | 0 |
| | | 9000 | 165/23-പാലിന് സബ്സിഡി | 9000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ചത് | ആകെ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ്-KURDFC വായ്പ | - | 25284000 | - | 25284000 | 2750492 (*) | - | 22533508 |

(*) നാല് ജി.ഒ പ്രോജക്ടുകൾ പ്രകാരമുള്ള തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക 2750492 മുന്നിരിപ്പിൽ നിന്നും കുറച്ചതിനുശേഷം കിട്ടുന്ന നീക്കിയിരിപ്പ് 22533508 രൂപയാണ്. എന്നാൽ മൂന്ന് ഗുണഭോക്താക്കളിൽ നിന്നും തിരികെ ഈടാക്കി 23-6-2022 ന് തിരിച്ചടച്ച തുകയായ 280000 രൂപ ലോൺ അക്കൗണ്ടിൽ നിന്നും കുറവ് ചെയ്താണ് ബാലൻസ് ഷീറ്റിലെ B5 പത്രികയിൽ നീക്കിയിരിപ്പായി 22,253,508 രൂപ രേഖപ്പെടുത്തിയിട്ടുള്ളത്. സർക്കാരിന്റെ ലോൺ അക്കൗണ്ടിൽ ഇതേ തുകതന്നെയാണ് നീക്കിയിരിപ്പായുള്ളതെന്ന് ഉറപ്പാക്കേണ്ടതാണ്. അല്ലാത്തപക്ഷം 280000 രൂപ പിന്നീട് അധികമായി ഒടുക്കേണ്ടി വരുന്നതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച 420 രൂപയുടെ വിശദാംശം താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം. / തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും |
|---|---|---|---|---|
| 2017-18 | 2-4 | 120 | 1220203148/ 15-12-22 | ശ്രീ.എൻ.എൻ.മുഹമ്മദ് കാസിം, സെക്രട്ടറി |
| 2017-18 | 2-4 | 150 | 1220203149/ 15-12-22 | ശ്രീ.എൻ.എൻ.മുഹമ്മദ് കാസിം, സെക്രട്ടറി |
| 2017-18 | 2-4 | 150 | 1220203149/ 15-12-22 | ശ്രീ.എൻ.എൻ.മുഹമ്മദ് കാസിം, സെക്രട്ടറി |
| ആകെ | | 420 | | |

വാർഷിക കണക്കിൽ ഓഡിറ്റ് റിക്കവറിയായി 840 രൂപയാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും യഥാർത്ഥ ഓഡിറ്റ് റിക്കവറിയായ 420 രൂപയുടെ കണക്കാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14 | ലഘു അവലോകനം | 2013 -14 | 6.2 | മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് ലേലം | വിഷയം ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്. |
| 2013-14 | പ്രത്യേക റിപ്പോർട്ട് | 2013 -14 | 5.1 | ജല സ്രോതസ്സുകളുടെ സംരക്ഷണവും കുടിവെള്ള പദ്ധതികളും | |
| 2016-17 | 3-1 | 2017 -18 | 1.9.3 | ഇരുചക്ര വാഹനം | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | വാങ്ങുന്നതിന് അർഹതാ മാനദണ്ഡങ്ങൾ വിലയിരുത്താതെ ധനസഹായം നൽകി- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | |

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വി വരം

| | തുക (രൂപ) |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 29052663 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 28371458 |
| വരവിനങ്ങളിലുള്ള നഷ്ടം | 10700 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഭാഗം – 1 പ്രകാരമുള്ള നഷ്ടം | 1967 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യ ക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-1 ക്രമ നം. 1, 2 | 2100 | - | ശ്രീ.നാരായണൻ.കെ, സെക്രട്ടറി |
| 2-1 (ക്രമ നം-3,4,5,6,9,10,11) | 7400 | - | ശ്രീ.അംബുജാക്ഷൻ.പി.കെ, സെക്രട്ടറി |
| 2-1 ക്രമ നം-7 | 1100 | - | ശ്രീമതി.ജലജ.ആർ, സെക്രട്ടറി |
| 2-1 ക്രമ നം-8 | 100 | - | ശ്രീമതി.ബിന്ദു.വി, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| ആകെ | 10700 | - | |

ഓഡിറ്റിൽ തടസ്സപ്പെ ടുത്തിയ തുക

ഇല്ല

ഭാഗം 1 ലെ ഖണ്ഡികക ൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-33 | 1967 | ശ്രീമതി.അനഷ.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) കേന്ദ്ര -സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.നാരായണൻ.കെ, സെക്രട്ടറി | സെക്രട്ടറി, വടവന്നൂർ ഗ്രാമപഞ്ചായത്ത് | 33/364, രാജീവ് നഗർ, തിരുവനന്തപുരം-695014 |
| ശ്രീ.അംബുജാക്ഷൻ.പി.കെ, സെക്രട്ടറി | വിരമിച്ചു | വാഴക്കോട് കളം, കുത്തനൂർ, പാലക്കാട് 678721 |
| ശ്രീമതി.ജലജ.ആർ, സെക്രട്ടറി | വിരമിച്ചു | വടക്കേക്കര, കരിമ്പിൻപുഴ, കൊല്ലം-691507 |
| ശ്രീമതി.ബിന്ദു.വി, അസി.സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്ജ്) | കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത് | മയൂഖം, നിയർ സി.എ.ഹൈസ്കൂൾ, പെരുവെമ്പ്, പാലക്കാട്(പി.ഒ)-678531 |
| ശ്രീമതി.അനുഷ.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, വടവന്നൂർ ഗ്രാമപഞ്ചായത്ത് | അരിയൻപള്ളം, ചിറ്റൂർ (പി.ഒ), പാലക്കാട്-678101 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 1996-97 | LF P9-217/06/22.7.06/8.8.06<br>LF P8-723/97/5.6.00 | 12 |
| 2000-01 | LFP19/1967/13/11.7.14/ 10.12.14 | 7 |
| 2001-02 | LFP19/1631/13/11.7.14/ 28.11.14 | 6 |
| 2002-03 | LFP19/1632/13/17.11.14/ 28.11.14 | 8 |
| 2003-04 | LFP19/1628/13/17.11.14/ 4.12.14 | 10 |
| 2004-05 | LFP19/1546/13/19.11.14/ 28.11.14 | 2 |
| 2005-06 | LFP19/1388/13/28.11.14/ 4.12.14 | 5 |
| 2006-07 | LFP19/141/15/26.6.15/6.7.15 | 4 |
| 2007-08 | LFP19/1387/13/24.11.14/ 4.12.14 | 2 |
| 2008-09 | LFP19/1378/13/17.11.14/ 28.11.14 | 2 |
| 2009-10<br>2010-11 | LFP19/2205/13/16.12.14/ 6.2.15 | 7 |
| 2011-12 | LFP19/350/15/13.4.15/18.4.15 | 3 |
| 2012-13 | നം.എൽ.എഫ്.പി.17/391/15 Dtd | 4 |

| | | |
|---|---|---|
| | 18.05.2015 | |
| 2013-14 2014-15 | കെ.എസ്.എ.പി.കെ.ഡി/19-1232/2016 Dtd 31.07.2016 | 2 |
| 2015-16 | കെ.എസ്.എ.പി.കെ.ഡി/19-9/ 2017 Dtd 31.12.2016 | 9 |
| 2016-17 | കെ.എസ്.എ.ഡി-പി.കെ.ഡി 19-2032/2017 Dtd 23.10.2017. | 13 |
| 2017-18 | കെ.എസ്.എ.ഡി-പി.കെ.ഡി 19-159/2019 Dtd 03.4.2019 | 15 |
| 2018-19 | നം.കെ.എസ്.എ-പികെഡി19/119 /2020/11.3.20 | 27 |
| 2019-20 | നം.കെ.എസ്.എ-പികെഡി19/1456 /2022/08.07.22 | 6 |
| 2020-21 | കെ.എസ്.എ.പി.കെ.ഡി 19-1457/2022/ 21/07/2022 | 20 |
| 2021-22 | KSA.PKD-19/374/23/11-04-2023 | 32 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 5(1) dated 15-07-2023 and submitted on 27-09-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Pudunagaram Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Pudunagaram Grama Panchayat for the year 2022-2023

Date: 22/11/2023

Deputy Director
District Office Palakkad
Kerala State Audit Department

## Audit Report appended to the Audit Certificate of Pudunagaram Grama Panchayat for the Year 2022-2023.

**1.Major Observations**

---

**2.Other Observations**

1. Basic ratios and notes to accounts are not included in the annual financial statements as required under Rule 62(d), 62(f) of Kerala Panchayath Raj Accounts Rules 2011.
2. Asset register is not updated and linked to ILGMS. Hence the accuracy of assets and liabilitiy amount in balance sheet of the annual financial statement could not be ascertained.
3. Uncashed Cheque for more than three months after their issue by the Gramapanchayat is not transferred to STALE CHEQUE Account.
Ex:- A cheque (No.601408/30.09.2020) for Rs. Rs.2625/- has not been encashed and is not transferred to STALE CHEQUE Account.
4. Demand register not maintained for Entertainment tax.
5. As per Cash flow statement "Net increase/decrease in cash and cash equivalents is Rs 681205/-.
But in the same statement "Net cash generated by Operating+Investing+Financing Activity is shown as Rs. 7280928 /-.

Eventhough both the figures should match as per accounting standards, there exists difference in the statement submitted.
6.As per B-4 shedule unspent amount in joint Venture project (Block share) is Rs.8,02,099/- & District Panchayat share is Rs 19,566/- .But the amount is not reflected in JointVenture Account shown in RP40(b).

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ പുതുനഗരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## വാർഷിക ധനകാര്യ പത്രിക-സംക്ഷിപ്ത പത്രികകൾ

1.

Pudunagaram Grama Panchayat RECEIPT & PAYMENT STATEMENT

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 10750724.00 |
| Cash | Cash | RP-40(a) | 207995.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1179527.00 |
| 130000000 | Rental income from Panchayat Properties | RP-3 | 630000.00 |
| 140000000 | Fees & User Charges | RP-4 | 442973.00 |
| 150000000 | Sale & Hire Charges | RP-5 | 72052.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 9196539.00 |
| 171000000 | Interest Earned | RP-9 | 182069.00 |
| 190000000 | Prior Period Income | RP-11 | 29552.00 |
| 210000000 | Establishment Expenses | RP-12 | 400.00 |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes (not included under Decentralised Plan Programme) | RP-19 | 0.0 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 1024.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 10925308.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 5502013.00 |
| 460000000 | Loans, Advances and Deposits | RP-49 | 36000.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 6017.00 |
| 340000000 | Deposits Received | RP-33 | 239222.00 |
| 350000000 | Other Liabilities | RP-35 | 609967.00 |
| | Grand total | | 40011382.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 10000.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 135599.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 492.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 2424134.00 |
| 460000000 | Loans, Advances and Deposits | RP-49 | 187112.00 |
| | Non Operating | | |
| 330000000 | Secured Loans | RP-31 | 280000.00 |
| 340000000 | Deposits Received | RP-33 | 28345.00 |
| 350000000 | Other Liabilities | RP-35 | 25305776.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 11560295.00 |
| Cash | Cash | RP-40(b) | 79629.00 |
| | Grand Total | | 40011382.00 |

2.

Pudunagaram Grama Panchayat INCOME & EXPENDITURE STATEMENT

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 4046404.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1799330.00 |
| 140000000 | Fee & User Charges | I-4 | 632514.00 |
| 150000000 | Sale & Hire Charges | I-5 | 72052.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 92186763.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 182069.00 |
| 180000000 | Other Income | I-9 | 6017.00 |
| 190000000 | Prior Period Income | I-19 | 32491.00 |
| | Total Income | | 98925149.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 10609845.00 |
| 220000000 | Administrative Expenses | I-11 | 818421.00 |
| 230000000 | Operations & Maintenance | I-12 | 1357692.00 |
| 240000000 | Interest & Finance Charges | I-13 | 0.0 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5927253.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 21992882.00 |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 4028896.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 20603510.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 28784300.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 491246.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 0.0 |
| | Total Expenditure | | 94614045.00 |
| | Gross Surplus / Deficit of income over Expenditure | | 4311104.00 |
| | Gross Surplus / Deficit of income over Expenditure | | 4451638.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 173025.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | -140534.00 |

**3.**

| Pudunagaram Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -24144406.40 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 42050599.00 |
| | Total Reserve & Surplus | | 17906192.60 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7071728.00 |
| | Total Grants, Contributions for Specific Purposes | | 7071728.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 22253508.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 22253508.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 569012.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 35880274.40 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 36449286.40 |
| | TOTAL LIABILITIES | | 83680715.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 755289.00 |
| 412000000 | Capital Work in Progress | B-11(b) | 2247246.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 124052.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 14106334.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 33209916.00 |
| 416000000 | Accumulated Depreciation | B-11(a) | -8803662.00 |
| | Total Fixed Assets | | 41639175.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 6486984.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 22393508.00 |
| 450000000 | Cash and Bank Balance | B-17 | 11639924.00 |
| 460000000 | Loans, Advances and Deposits | B-18 | 1521124.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 42041540.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |

| | | | |
|---|---|---|---|
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 83680715.00 |

Deputy Director